ആർക്കുംതന്നെ കൊടുത്തിട്ടില്ല. കഴിഞ്ഞ കൊല്ലം പകുതിപേർക്കേ കൊടുത്തുള്ളു. നമ്മുടെ രാജ്യത്ത് ലക്ഷക്കണക്കിന് തൊഴിലില്ലാത്തവരുണ്ട്. അതിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവരിൽതന്നെ വളരെ ചെറിയ ഒരു വിഭാഗത്തിനുമാത്രമാണ് കൊടുത്തിട്ടുള്ളത്. അതും കഴിഞ്ഞകൊല്ലം പകുതിയേ കൊടുത്തിട്ടുള്ളു. ഇക്കൊല്ലം ആർക്കും കൊടുത്തിട്ടില്ല. ഈ തൊഴിലില്ലായ്മവേതനപദ്ധതി ഗവൺമെൻറ് ഉപേക്ഷിച്ചോ? അതല്ല നടപ്പിൽ വരുത്തുന്നുണ്ടോ? എന്താണ് ഇതിനെക്കുറിച്ച്, ഈ സമരത്തെക്കുറിച്ച് ഗവൺമെൻറിന് പറയാനുള്ളത്? മുഖ്യമന്ത്രിക്ക് അതേക്കുറിച്ച് എന്തെങ്കിലും പറയാനുണ്ടെങ്കിൽ പറഞ്ഞാൽ തരക്കേടില്ല.

(ബഹളം)

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ശ്രീമതി അമ്മിണിയുടെ കാര്യത്തിൽ ഇവിടെ ഒരു സബ്മിഷൻ നടത്തിയ സമയത്ത് അതിന് മറുപടി തന്നപോലെ ഇക്കാര്യത്തിൽ മുഖ്യമന്ത്രിയുടെ മറുപടി എന്താണെന്ന് അറിയണം.

(ബഹളം)

മി. ഡെപ്യൂട്ടി സ്പീക്കർ: അദ്ദേഹത്തിന് മറുപടി പറയാനുണ്ടായിരുന്നെങ്കിൽ അദ്ദേഹം പറയുമായിരുന്നു. പറയാത്തതുകൊണ്ട് അടുത്ത ബിസിനസിലേക്ക് കടക്കാം.

VII. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(i) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തൊന്നാമത് റിപ്പോർട്ട്

ശ്രീ. എൻ. പി. മൊയ്തീൻ: അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തൊന്നാമതു റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ബി. എം. ഷെരീഫ്: ഞാൻ പിൻതാങ്ങുന്നു.

The question that the Twenty First Report of the Committee on Private Members' Bills and Resolutions be adopted was put and carried.

The report was adopted.

(ii) പ്രമേയങ്ങൾ

(a) സാമ്പത്തിക സംവരണം

ശ്രീ. വട്ടിയൂർക്കാവ് രവി: സർ "പട്ടികജാതി–പട്ടിക വർഗ്ഗക്കാർക്കുള്ളതൊഴികെ മറ്റു പിന്നോക്കസമുദായങ്ങൾക്ക് ഉദ്യോഗ നിയമനങ്ങളിലും

LIBRARY ARCHIVES Kerala Legislative Assembly

സാങ്കേതിക സ്ഥാപനങ്ങളിലെ പ്രവേശനത്തിലും ഇന്നു നിലവിലുള്ള ജാതിസംവരണവ്യവസ്ഥ അശാസ്ത്രീയവും സോഷ്യലിസ്റ്റുവ്യവസ്ഥിതിക്കു നിരക്കാത്തതുമായതിനാൽ പ്രസ്തുത ജാതിസംവരണവ്യവസ്ഥ മാറ്റി സാമ്പത്തികാടിസ്ഥാനത്തിലുള്ള സംവരണം ഏർപ്പെടുത്തണമെന്ന് ഈ സഭ ഗവൺമെൻറിനോടാവശ്യപ്പെടുന്നു'' എന്ന പ്രമേയം ഞാനവതരിപ്പിക്കുന്നു.

സർ, ഇന്നു നമ്മുടെ സംസ്ഥാനത്തു നിലവിലിരിക്കുന്ന ഭരണരീതികം കണ്ടുകൊണ്ടാണ് ഈ പ്രമേയം അവതരിപ്പിക്കാൻ തീരുമാനിച്ചത്. നമ്മുടെ സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗങ്ങൾക്ക് കൊടുക്കുന്ന ആനുകൂല്യങ്ങൾ നിഷേധിക്കാൻ ആർക്കും കഴിയുകയില്ല. പട്ടികജാതി-പട്ടികവർഗ്ഗങ്ങളിൽ ഉൾപ്പെടുന്ന ഭൂരിപക്ഷമാളുകളും സാമ്പത്തികമായ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. ആ വിഭാഗം ആളുകൾക്ക് കൊടുത്തു കൊണ്ടിരിക്കുന്ന ആനുകൂല്യം വർദ്ധിപ്പിച്ച് കൊടുക്കണമെന്നാണ് എൻെറ അഭിപ്രായം. അത് കുറച്ചുകാലംകൂടി നീട്ടണമെന്നും എനിക്ക് അഭിപ്രായമുണ്ട്. ആ വിഭാഗം ആളുകളെ മറ്റുള്ള ആളുകളോടൊപ്പം ഉയർത്തണമെങ്കിൽ പ്രത്യേകമായ ആനുകൂല്യം അവർക്കു കൊടുത്തേ മതിയാകൂ.

സർ, മറ്റു പിന്നോക്കവിഭാഗത്തിലെ ആളുകൾക്ക് ഗവൺമെൻറ് ആനുകൂല്യം കൊടുക്കുന്നതിന് ഞാനെതിരല്ല. ആ വിഭാഗം ആളുകളിൽ കൂടുതൽ കൂടുതൽ സാമ്പത്തിക ശേഷിയുള്ളവർക്ക് കൊടുക്കരുതെന്നുമാത്രമാണു പറയുന്നത്. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം നികത്താൻ വെമ്പൽകൊള്ളുന്ന നമ്മുടെ പ്രവർത്തനം അംഗീകരിക്കപ്പെടണമെങ്കിൽ ഉള്ളവനിൽനിന്ന് ഇല്ലാത്തവനിലേക്കു കൊടുക്കാൻ ഏർപ്പാടുണ്ടായേ മതിയാകൂ. ഇന്നു കേരളം ഒഴികെയുള്ള സംസ്ഥാനങ്ങളിൽ വരുമാനത്തിൻെറ അടിസ്ഥാനത്തിൽ ഗവൺമെൻറ് ആനുകൂല്യങ്ങൾ കൊടുക്കുന്നുണ്ട്. ഭരണഘടനയുടെ ആർട്ടിക്കിൾ 16-ൽ പറഞ്ഞിരിക്കുന്നത് ഏതൊരു ഇൻഡ്യൻ പൗരനും മതത്തിൻെറയോ—ജാതിയുടെയോ—വർണ്ണത്തിൻെറയോ—സെക്സിൻെറയോ താമസിക്കുന്ന സ്ഥലത്തിൻെറയോ അടിസ്ഥാനത്തിൽ യാതൊരു വിവേചനവും ഇല്ലെന്നും എല്ലാ പൗരൻമാർക്കും അവസരസമത്വം വിദ്യാഭ്യാസരംഗത്തും നിയമനങ്ങളിലും അനുവദിക്കേണ്ടതാണെന്നും ആണ്. എന്നാൽ 16 (4) എന്ന ഉപവകുപ്പിൽ, ഓരോ സംസ്ഥാനവും അതതു സംസ്ഥാനത്ത് വിദ്യാഭ്യാസപരമായോ സാമൂഹ്യമായോ പിന്നോക്കം നിൽക്കുന്ന വിഭാഗം ആളുകൾക്ക് സംവരണാനുകൂല്യങ്ങൾ കൊടുക്കാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഈ വ്യവസ്ഥ ദുർവ്യാഖ്യാനം ചെയ്ത് പ്രത്യേക വിഭാഗം എന്നത് പ്രത്യേക ജാതിയായി പരിഗണിച്ച് ആ ജാതിയെ ആ പരിഗണന വച്ചുകൊണ്ടു പിന്നോക്കജാതിയെന്നു വ്യാഖ്യാനിച്ച് സംവരണാനുകൂല്യം കൊടുക്കുന്ന ഒരു വ്യവസ്ഥയാണ് ഇന്നു കേരളത്തിൽ നിലവിലിരിക്കുന്നത്.

സർ, ഈ വ്യാഖ്യാനം തെറ്റാണെന്നു പല കോടതികളും ഇതിനകം വിധിച്ചിട്ടുണ്ട്. കേരളത്തിലെ സംവരണവ്യവസ്ഥയെ സംബന്ധിച്ച് പുനർ ചിന്തനം നടത്തണമെന്നു കോടതി പറഞ്ഞിട്ടുണ്ട്. എങ്കിലും അതിനെയെല്ലാം മറികടന്നുകൊണ്ട് പിന്നോക്കജാതിയെന്നു പറഞ്ഞ് ഏതെങ്കിലും ജാതിയിൽപ്പെട്ടവർക്ക് സംവരണാനുകൂല്യം നൽകുന്ന ഖേദകരമായ ഈ നിലപാട് എത്രയും വേഗം മാറ്റിയെടുക്കാൻ തയ്യാറാകേണ്ടതാണ്. പിന്നോക്കജാതിയിൽത്തന്നെ സാമ്പത്തികശേഷിയുള്ള ധാരാളമാളുകളുണ്ട്. അവരുടെ കുടുംബാംഗങ്ങൾക്ക് ഗവൺമെൻറ് അനുകൂല്യം കൊടുക്കുന്നുവെ

LIBRARY ARCHIVES Kerala Legislative Assembly

ന്നുള്ളത് ഖേദകരമാണ്; ആക്ഷേപാർഹമാണ്. അവരിൽ ധാരാളം പേരെ സംബന്ധിച്ചിടത്തോളം ഗവൺമെൻറിൻെറ ആനുകൂല്യം പറ്റുന്നുവെന്നത് അപകർഷതാബോധമാണുണ്ടാക്കുന്നത്.

മുന്നോക്കജാതി എന്നറിയപ്പെടുന്ന ജാതികളിൽ സാമ്പത്തികമായി പരാധീനതയനുഭവിക്കുന്ന, ദാരിദ്ര്യരേഖക്കു താഴെ നിൽക്കുന്ന, വരുമാനം കുറഞ്ഞ ധാരാളമാളുകളുണ്ട്. സർ, അവരുടെ വിദ്യാർത്ഥികൾ വിദ്യാഭ്യാസം ചെയ്യാൻ നിവൃത്തിയില്ലാതെ നട്ടംതിരിയുകയാണ്. ഒരുനേരത്തെ കഞ്ഞിക്കുപോലും നിവൃത്തിയില്ലാത്ത പാവപ്പെട്ട ഈ ആളുകൾ ഒരു പ്രത്യേക ജാതിയിൽ ജനിച്ചുപോയി എന്നതുകൊണ്ട് അവർക്ക് ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നു. ജനാധിപത്യഭരണസമ്പ്രദായമെന്ന നിലക്ക് നമ്മുടെ രാജ്യത്തു ജാതിയുടെ പേരിൽ ഈ വിവേചനം കാണിക്കുന്നതു ശരിയല്ല. നമ്മളെല്ലാവരും ആരാധിക്കുന്ന ശ്രീനാരായണഗുരുവിൻെറ "ഒരു ജാതി ഒരു മതം ഒരു ദൈവം" എന്ന ആദർശം അതെങ്കിലും നടപ്പിലാക്കാൻ നാമെല്ലാവരും യോജിക്കേണ്ടതാണ്.

സർ, നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇന്നു കൂടുതൽ ആളുകളും കഷ്ടപ്പെട്ടു കഴിയുന്ന ആളുകളാണ്. എല്ലാ സമുദായങ്ങളിലും ഒരു വിഭാഗമാളുകൾ സമ്പന്നൻമാരായി കഴിഞ്ഞുകൂടുന്നുണ്ടെന്ന് നമുക്കറിയാം. അതേസമയം കഷ്ടപ്പെടുന്ന ആളുകൾ ഉണ്ട്. അവർക്കാണ് നാം ആനുകൂല്യങ്ങൾ കൊടുത്ത് അവരെക്കൂടി നിലനിർത്തിക്കൊണ്ടു പോരാൻ ശ്രമിക്കേണ്ടത്. നായരായാലും ശരി, ബ്രാഹ്മണനായാലും ശരി ക്രിസ്ത്യാനിയായാലും ശരി ആ ജാതികളിലെ സമ്പന്നൻമാർക്ക് ഗവൺമെൻറ് പ്രത്യേകമായി ആനുകൂല്യങ്ങൾ കൊടുക്കണം എന്നു പറയുന്നില്ല. എന്നാൽ അതേ ജാതികളിലെ പാവപ്പെട്ട ആളുകൾക്ക്, കഷ്ടപ്പെടുന്ന ആളുകൾക്ക്, പുസ്തകം വാങ്ങാൻ കഴിവില്ലാത്ത കുടുംബത്തിലെ ആളുകൾക്ക് ആ ആനുകൂല്യം കൊടുത്തേ മതിയാകൂ. കുമാരപിള്ള കമ്മീഷൻ വ്യവസ്ഥ ചെയ്തിട്ടുള്ള വരുമാനത്തിൻെറ അടിസ്ഥാനത്തിലുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ ഇന്നത്തെ ജീവിതത്തോതുവച്ച് നൽകുമ്പോൾ 8000 രൂപ വരെ വരുമാനമുള്ള കുടുംബത്തിലെ വിദ്യാർത്ഥികൾക്ക് സാങ്കേതിക വിദ്യാഭ്യാസത്തിന് ആനുകൂല്യമെന്നുള്ളത് 15,000 രൂപ വരെയെങ്കിലും ഉയർത്തണം. പ്രതിവർഷം 15,000 രൂപ വരെ വരുമാനമുള്ള ഏതു കുടുംബത്തിലെ വിദ്യാർത്ഥികൾക്കും ഫീസാനുകൂല്യം അനുവദിക്കേണ്ടതാണ്. മദ്രാസ്, ആന്ധ്ര, കർണ്ണാടകം തുടങ്ങിയ അയൽ സംസ്ഥാനങ്ങളിൽ ജാതിയുടെ പേരിലല്ല ഗവൺമെൻറ് ആനുകൂല്യം കൊടുക്കുന്നത്. അവിടെയെല്ലാം വരുമാനത്തിൻെറ അടിസ്ഥാനത്തിലാണ് ഗവൺമെൻറ് ആനുകൂല്യം കൊടുത്തുകൊണ്ടിരിക്കുന്നത്. വരുമാനത്തിൻെറയോ ജീവിതനിലവാരത്തിൻെറയോ അടിസ്ഥാനത്തിൽ സാമൂഹ്യമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന വിഭാഗത്തെ തിരഞ്ഞെടുത്ത് ജാതി നോക്കാതെ സംവരണാനുകൂല്യം നൽകുന്ന ഒരു രീതി അടിയന്തിരമായി നടപ്പിലാക്കണം. ഒരു പ്രത്യേക ജാതിയിൽ ജനിച്ചുപോയി എന്നുള്ളതുകൊണ്ട് ആരെയെങ്കിലും ആനുകൂല്യം കൊടുക്കുമ്പോൾ മാറ്റി നിർത്തുന്നതു ശരിയല്ല.

സർ, പട്ടികജാതിക്കാരിൽത്തന്നെ പരമ്പരാഗതമായി കൈത്തൊഴിലിനെ മാത്രം ആശ്രയിച്ചു ജീവിക്കുന്നവരുണ്ട്. ഈ തൊഴിൽ തുടർന്നുകൊണ്ടുപോയാൽ അവർക്ക് എത്രവർഷം കഴിഞ്ഞാലും പുരോഗമിക്കുവാൻ കഴിയാതെവരും. അതുകൊണ്ട് അവരുടെ തൊഴിലിൻെറ അടിസ്ഥാനത്തിൽ, പരമ്പരാഗതമായ അവരുടെ കൈത്തൊഴിലിൻെറ അടിസ്ഥാനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

കോർപ്പറേഷൻ രൂപീകരിച്ച് അവരുടെ ജീവിതനിലവാരം ഉയർത്തുവാൻ ശ്രമിക്കണം. ഉദാഹരണമായി നമ്മളെല്ലാവരും ചവിട്ടിക്കളയുന്ന മണ്ണുകൊണ്ടു മാത്രം പണിയെടുത്ത് ജീവിക്കുന്ന ഒരുവിഭാഗം ആളുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. അവരാണ് വേളാർ സമുദായം എന്ന പേരിൽ അറിയപ്പെടുന്നത്. അവർക്ക് കാര്യമായ ആനുകൂല്യങ്ങളൊന്നും ഗവൺമെൻറ് കൊടുക്കുന്നില്ല. അങ്ങനെയുള്ള ആളുകളുടെ ഉന്നമനത്തിനുവേണ്ടി അവരുടെ കൈത്തൊഴിലിനെ ആസ്പദമാക്കി ഒരു കോർപ്പറേഷൻ രൂപീകരിക്കേണ്ടത് ഒരാവശ്യമാണ്.

സർ, കോളേജ് അഡ്മിഷന്റെ കാര്യം പറയുകയാണെങ്കിൽ ഒരു പ്രത്യേക ജാതിയിൽ ജനിച്ചുപോയിയെന്നുള്ളതുകൊണ്ട് 95 ശതമാനം മാർക്ക് വാങ്ങി പാസ്സായാലും ആ കുട്ടികൾക്ക് കോളേജുകളിൽ അഡ്മിഷൻ കിട്ടുന്നില്ല. അതേയവസരത്തിൽ പിന്നോക്കജാതിയിൽപെട്ട സമുദായത്തിൽ ജനിച്ചാൽ കഷ്ടിച്ച് മാർക്കുവാങ്ങി പാസ്സായാൽമതി കോളേജിൽ അഡ്മിഷൻ കിട്ടും. ഈ സ്ഥിതിവിശേഷം നമ്മുടെ സംസ്ഥാനത്തു നിന്നും എന്നന്നേക്കുമായി മാറ്റണം. അതുകൊണ്ടാണ് ഇന്ന് നിലവിലുള്ള സംവരണവ്യവസ്ഥ അശാസ്ത്രീയമെന്നു പറയുന്നത്. ഇത് ഒരു പ്രത്യേക രാഷ്ട്രീയ പാർട്ടി കൈകാര്യം ചെയ്യേണ്ട പ്രശ്നമല്ല. നാമെല്ലാവരും അടിസ്ഥാനപരമായ സോഷ്യലിസ്റ്റ് ആദർശങ്ങളിൽ വിശ്വസിക്കണമെന്ന് ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിച്ചുകൊണ്ട് എന്റെ പ്രസംഗം ചുരുക്കുന്നു.

ശ്രീ. ടി. എം. ജേക്കബ്: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുകയാണ്. നമ്മുടെ രാജ്യത്ത് നിലനിൽക്കുന്ന സാമൂഹ്യമായ അനീതിക്കെതിരായി എല്ലാവരും ചിന്തിക്കണമെന്നുള്ളതാണ് ഈ പ്രമേയത്തിലെ അന്തസ്സത്ത. "മതം ഏതായാലും മനുഷ്യൻ നന്നായാൽ മതി" എന്ന് ശ്രീ നാരായണഗുരു പഠിപ്പിച്ചിട്ടുണ്ട്. നമ്മുടെ രാജ്യത്ത് മതത്തിന്റെയും ജാതിയുടേയും പേരിൽ ആളുകളെ തരംതിരിച്ചു നിർത്തുന്ന ഇന്നത്തെ വ്യവസ്ഥിതി മാറ്റണം. നമ്മുടെ രാജ്യത്തെ ജനത ഓരോ ജാതിയിലും മതത്തിലും വിശ്വസിക്കുന്നു, അതനുസരിച്ച് മുമ്പോട്ടു പോകുന്നു. ഒരു ജാതിയിൽ ജനിക്കുന്നത് അല്ലെങ്കിൽ ഒരു മതത്തിൽ ജനിക്കുന്നത് ആരുടെയും കുറ്റം കൊണ്ടല്ല. സാമൂഹ്യവ്യവസ്ഥിതികൊണ്ടാണ് അങ്ങനെ സംഭവിക്കുന്നത്. എന്തായാലും ആളുകളെ തരംതിരിച്ച് നിറുത്തുന്നതു ശരിയല്ല. അതിനു മാറ്റമുണ്ടാകണം എന്നുള്ളതാണ് പ്രധാനപ്പെട്ട ആവശ്യം. നമ്മുടെ ഭരണഘടനയുടെ ആർട്ടിക്കിൾ 16 (1) ൽ പറയുന്നത് ഇപ്രകാരമാണ്. "There shall be equality of opportunity for all citizens in matters relating to employment or appointment to any office under the State." ആർട്ടിക്കിൾ 16 (2) പറയുന്നത് ഇപ്രകാരമാണ്. "No citizen shall, on grounds only of religion, race, caste, sex, descent, place of birth, residence or any of them, be ineligible for or discriminated against in respect of, any employment or office under the State." ഇതിനെ നമ്മുടെ ഹൈക്കോടതിയും സുപ്രീംകോടതിയും പരാമർശിച്ചിട്ടുണ്ട്. കോടതി പറഞ്ഞിട്ടുള്ളത് സ്വാതന്ത്ര്യലബ്ധിക്ക് മുൻപുമുതലേ ജാതിയുടെ അടിസ്ഥാനത്തിൽ മാത്രമാണ് പിന്നോക്കാവസ്ഥ വളർന്നുവന്നത് എന്നാണ്. സ്വാതന്ത്ര്യംകിട്ടി 32 വർഷക്കാലം കഴിഞ്ഞിട്ടും ഇന്നും അതേ നിലയിൽ തുടരുകയാണ്. എന്നാൽ സുപ്രീംകോടതി പറഞ്ഞിരിക്കുന്നത് മതവും ജാതിയും പിന്നോക്കാവസ്ഥയും നോക്കാതെ അവരുടെ വരുമാനംകൂടി നോക്കിയിട്ടുവേണം പിന്നോക്കാവസ്ഥ നിശ്ചയിക്കുവാൻ എന്നാണ്. ആ നിർദ്ദേശം പരിഗണിച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് ഇന്ന്

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള ആളുകളാണെന്ന് പരിശോധിക്കുവാൻ നാം തയ്യാറാകണം. അതിനെക്കുറിച്ച് പഠിക്കുവാനും വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാനും ഒരു കമ്മീഷനെ നിയോഗിക്കുന്നതുകൊണ്ട് ദോഷമുണ്ടാകുമെന്നു തോന്നുന്നില്ല.

ഇത് പറയുമ്പോൾ പട്ടികജാതി–പട്ടികവർഗ്ഗക്കാർക്ക് ഇന്നു കൊടുത്തുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ നിറുത്തൽ ചെയ്യണമെന്ന് ആവശ്യപ്പെടുന്നില്ല. മറിച്ച് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന, മുന്നോക്ക സമുദായത്തിൽ ജനിച്ചുവെന്നുള്ള ഒറ്റക്കാരണത്താൽ പലപ്പോഴും ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നവരുണ്ട്. ആ നിലയ്ക്ക് ഇത് പരിഗണിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്.

എല്ലാ കാര്യങ്ങളിലും ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങൾക്ക് മാതൃക കാണിച്ചുകൊടുക്കുന്ന ഒരു സംസ്ഥാനമാണ് നമ്മുടേത്. ഈ കാര്യത്തിൽ പുതുതായി ഒരു സമീപനം സ്വീകരിച്ചുകൊണ്ട് ഈ വക കാര്യങ്ങളെക്കുറിച്ച് പഠിക്കുവാനും റിപ്പോർട്ട് സമർപ്പിക്കുവാനും ഒരു കമ്മീഷനെ നിയോഗിക്കുകയും, ഈ സംസ്ഥാനത്തു പിന്നോക്കം നിൽക്കുന്ന ആളുകളുടെ പ്രശ്നം സംസ്ഥാനഗവൺമെന്റ് പരിഗണിക്കുകയും ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒരിക്കൽകൂടി ഈ പ്രമേയത്തെ പിന്താങ്ങിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ പ്രമേയത്തിനു 26 ഭേദഗതികൾ കിട്ടിയിട്ടുണ്ട്. അതിൽ ഏതാനും ഭേദഗതികൾ മാത്രമേ ഓർഡറിൽ ഉള്ളൂ. എങ്കിലും ഭേദഗതി അവതരിപ്പിച്ചിട്ടുള്ളവർക്ക് രണ്ടുമൂന്നു മിനിട്ടുവീതം സംസാരിക്കുവാൻ അവസരം നൽകുന്നതാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: എന്റെ പാർട്ടിയിൽനിന്നും പലരും ഭേദഗതി കൊടുത്തിട്ടുണ്ട്. എങ്കിലും ഒരാൾക്ക് സംസാരിച്ചാൽ മതി.

ശ്രീ. യു. എ. ബീരാൻ: സർ, ഈ രാജ്യത്തെ ബഹുഭൂരിഭാഗം വരുന്ന പാവപ്പെട്ട പിന്നോക്കജനവിഭാഗങ്ങളുടെ പേരിൽ ഈ പ്രമേയം പിൻവലിക്കണമെന്ന് പ്രമേയകർത്താവിനോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഭരണഘടനയിൽ വിഭാവനം ചെയ്യുന്ന സമത്വം ഈ രാജ്യത്തെ എല്ലാ ജനവിഭാഗങ്ങൾക്കും ലഭ്യമാകണമെങ്കിൽ ചരിത്രപരമായ കാരണങ്ങൾകൊണ്ട് ദയനീയനിലയിൽ അധഃപതിച്ചുകിടക്കുന്ന ഈ രാജ്യത്തെ ബഹുഭൂരിപക്ഷം വരുന്ന പാവപ്പെട്ട പിന്നോക്കജനവിഭാഗങ്ങൾക്കുകൂടി അതിനുള്ള അവസരം ഉണ്ടായിരിക്കണം. അതിനുവേണ്ടി ആണ് ഭരണഘടനയിൽ സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കംനിൽക്കുന്ന ജനവിഭാഗങ്ങൾക്ക് ഇമ്മാതിരിയുള്ള ആനുകൂല്യങ്ങൾ നൽകണം എന്ന് നിർദ്ദേശിച്ചിട്ടുള്ളത്. ആ ആനുകൂല്യങ്ങൾ തുടർന്നും നൽകണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. നിർഭാഗ്യവശാൽ അങ്ങനെയൊരു സ്ഥിതിവിശേഷമാണ് നമ്മുടെ രാജ്യത്ത് നിലനിൽക്കുന്നത്. കേന്ദ്രസർവീസിലായാലും, സംസ്ഥാന സർവീസിലായാലും ഉദ്യോഗത്തിലിരിക്കുന്ന പിന്നോക്കസമുദായങ്ങളുടെ കണക്ക് എടുക്കാം. കേരള സംസ്ഥാനം ഭരിക്കുന്ന സെക്രട്ടേറിയേറ്റിൽ എത്തെല്ലാം സമുദായത്തിൽപ്പെട്ട എത്ര ആളുകൾ ഉണ്ടെന്നുള്ളതിന്റെ കണക്കെടുക്കാം. അതിനു കമ്മീഷന്റെ ആവശ്യമൊന്നും വേണ്ട. ആ കണക്കെടുത്തു പരിശോധിച്ചാൽ ഈ രാജ്യത്ത് ഇന്ന് നിലവിലിരിക്കുന്ന സ്ഥിതിവിശേഷം എന്താണെന്നു വ്യക്തമാകും. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടെ ദയനീയമായ സ്ഥിതി വ്യക്തമാക്കുന്ന ഒരു

LIBRARY ARCHIVES Kerala Legislative Assembly

സംഗതിയാണ്. അത്. അത് ഇല്ലാതാക്കാൻവേണ്ടി അവർക്ക് ആനുകൂല്യങ്ങളും നൽകണം. എല്ലാവരും സമമായിട്ട് വരുമ്പോൾ പിന്നെ സംവരണത്തിന്റെ ആവശ്യം ഉണ്ടാവുകയില്ല. വളരെയധികം മുന്നോട്ടുപോയിട്ടുള്ള സമുദായങ്ങളിലെ പാവപ്പെട്ടവർക്ക് വിദ്യാഭ്യാസപരമായും മറ്റും ആനുകൂല്യങ്ങളും നൽകുന്നുണ്ട്. അതു തുടർന്നും നൽകണം. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് പ്രത്യേകമായ ആനുകൂല്യം നൽകുന്നുണ്ട്. അത് ആവശ്യമാണ്. വളരെയധികം കഷ്ടപ്പെടുന്ന ആളുകളും പിന്നോക്കജനവിഭാഗങ്ങളുടെ ഇടയിലുണ്ടെന്നു സ്ഥിതിവിവരക്കണക്ക് വ്യക്തമാക്കുന്നുണ്ട്. വിദ്യാഭ്യാസപരമായും സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവരുണ്ട്. പിന്നോക്കംനിൽക്കുന്ന ജനവിഭാഗങ്ങൾക്കുകൂടി നമ്മളെല്ലാം വിഭാവനചെയ്യുന്ന രീതിയിൽ ഭരണഘടനയിൽ എഴുതിവച്ചിട്ടുള്ള രീതിയിൽ സ്ഥിതിസമത്വം ഈ രാജ്യത്ത് വരണമെങ്കിൽ, എല്ലാവർക്കും അവസരസമത്വം ഉണ്ടാകണമെങ്കിൽ പിന്നോക്കം നിൽക്കുന്നവർക്കും കഷ്ടപ്പെടുന്നവർക്കും ആനുകൂല്യം നൽകണം. അതിനുവേണ്ടിയുള്ള വ്യവസ്ഥയാണ് സംവരണംകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. മറ്റുള്ള ജനവിഭാഗങ്ങളുടെ അവകാശങ്ങൾ അപഹരിക്കണമെന്ന ഉദ്ദേശത്തോടുകൂടിയല്ല ആ വ്യവസ്ഥയുണ്ടാക്കിയിട്ടുള്ളത്. ആ വ്യവസ്ഥ കുറെക്കൂടി ഫലപ്രദമായ രീതിയിൽ നടപ്പാക്കിക്കൊണ്ട് പിന്നോക്കംനിൽക്കുന്ന ജനവിഭാഗങ്ങളെക്കൂടി മുന്നോട്ടുകൊണ്ടുവരുന്ന കാര്യത്തിൽ എല്ലാവരും സഹകരിക്കണം. അതിനുവേണ്ടിയുള്ള ഏർപ്പാട് ഗവൺമെന്റ് ചെയ്യണം. അതോടൊപ്പംതന്നെ ഈ പ്രമേയം ഈ രാജ്യത്തെ പാവപ്പെട്ട ജനവിഭാഗങ്ങളുടെ പേരിൽ പിൻവലിക്കണമെന്നു പ്രമേയകർത്താവിനോട് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എ. നീലലോഹിതദാസൻ നാടാർ: സർ, ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു. ഇത് പിൻവലിക്കണമെന്ന് പ്രമേയം അവതരിപ്പിച്ച സുഹൃത്തിനോട് അഭ്യർത്ഥിക്കുന്നു. ഭരണകക്ഷിയിൽപെട്ട ഒരു അംഗം പ്രമേയം അവതരിപ്പിക്കുകയും ഭരണകക്ഷിയിൽപെട്ട മറ്റൊരു അംഗം പിന്താങ്ങുകയും ചെയ്തിരിക്കുന്നത് ഭരണകക്ഷിയുടെയും ഭരണമുന്നണിയുടെയും നിലപാടിനെയാണോ സൂചിപ്പിക്കുന്നതെന്നു ഞാൻ സംശയിക്കുന്നു. ഏതായാലും ഈ പ്രമേയത്തിനനുകൂലമായി ഉന്നയിച്ച വാദമുഖങ്ങളൊക്കെതന്നെ അടിസ്ഥാനരഹിതമാണെന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഭരണഘടനയുടെ ചില വകുപ്പുകളെപ്പറ്റി പരാമർശിക്കുകയുണ്ടായി. ഭരണഘടനയെ സംബന്ധിച്ചിടത്തോളമുള്ള പ്രസക്തഭാഗം കൂലങ്കഷമായി പഠിച്ചാൽ ഭരണഘടനാ സൃഷ്ടാക്കളായ നമ്മുടെ നേതാക്കളുടെ മനസ്സിൽ ഉണ്ടായിരുന്നത് സാമ്പത്തികമായ പിന്നോക്കാവസ്ഥ അല്ലായിരുന്നുവെന്ന് മനസ്സിലാക്കാൻ കഴിയും. ഭരണഘടനയിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്, സാമൂഹ്യവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥയിൽ നിലകൊള്ളുന്ന വിഭാഗങ്ങൾക്കാണ് സംവരണാനുകൂല്യം നൽകേണ്ടതെന്ന്. അതാണ് ഭരണഘടനാസൃഷ്ടാക്കൾ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഭരണഘടനയെ വ്യാഖ്യാനിച്ചുകൊണ്ട് വ്യക്തിപരമായ കേസ്സുണ്ടായ അവസരത്തിൽ കോടതിയിൽനിന്നുണ്ടായിട്ടുള്ള വിധിന്യായത്തെ പ്രമേയാവതാരകൻ സൂചിപ്പിക്കുകയുണ്ടായി. എല്ലാ വിധിന്യായങ്ങളും എടുത്തു പരിശോധിച്ചാൽ ഒരു വസ്തുത മനസ്സിലാകും. സംവരണത്തെ സംബന്ധിച്ചുള്ള കേസ്സിൽ വിധിന്യായം നടത്തിയിട്ടുള്ള എല്ലാ ജഡ്ജിമാരും മുന്നോക്ക സമുദായത്തിൽപെട്ട ആളുകളായിരുന്നു. അതുകൊണ്ട് ആ വിധിന്യായങ്ങളെ അടിസ്ഥാനപ്പെടുത്തി ഈ കാര്യത്തിൽ ഒരു വാദം ഉന്നയിക്കുന്നത് ശരിയല്ലെന്ന് പറയാനാഗ്രഹിക്കുകയാണ്. മുപ്പത്തിരണ്ട്

LIBRARY ARCHIVES Kerala Legislative Assembly

വർഷക്കാലം സംവരണാനുകൂല്യം നിലനിന്നിട്ടും ഇന്നും പല പിന്നോക്ക സമുദായങ്ങളുടേയും സ്ഥിതി തികച്ചും ശോചനീയമാണ്. ഈ ഗവൺമെൻറുതന്നെ സ്വീകരിച്ചിട്ടുള്ള പല നടപടികളും എടുത്തു പരിശോധിച്ചു നോക്കിയാൽ ഒരു കാര്യം വ്യക്തമാകും. ലേബർവകുപ്പ് ഉൾപ്പെടെയുള്ള പല വകുപ്പുകളിലും അഡ്വക്കേറ്റ് ജനറൽമാരെ നിയമിക്കുന്ന കാര്യത്തിലും മറ്റും സവർണ്ണസമുദായക്കാരുടെ സമ്മർദ്ദത്തിനു വഴങ്ങിക്കൊണ്ട് അവരെ പ്രീണിപ്പിക്കുന്ന നടപടികളാണ് ഈ ഗവൺമെൻറ് എടുത്തിട്ടുള്ളത്. നമ്മുടെ നിയമവകുപ്പുമന്ത്രി കേരളത്തിലെ പിന്നോക്ക വിഭാഗക്കാർക്കു വേണ്ടി വിട്ടുവീഴ്ചയില്ലാതെ വാദിക്കുന്ന ഒരാളാണെന്നാണ് പറയുന്നത്. അദ്ദേഹത്തിന്റെ വകുപ്പിൽതന്നെ നടപ്പാക്കിയ ഒരു കാര്യത്തെപ്പറ്റി പറയാനാഗ്രഹിക്കുകയാണ്. സാധുക്കൾക്കുവേണ്ടിയുള്ള നിയമസഹായപദ്ധതിയുടെ അടിസ്ഥാനത്തിൽ താലൂക്കുതോറും രണ്ട് അഭിഭാഷകരെ തെരഞ്ഞെടുക്കുകയുണ്ടായി. ആ അഭിഭാഷകരെ തെരഞ്ഞെടുത്ത കാര്യത്തിൽ, ആരാണ് പെയ്തതെന്ന് എനിക്ക് അറിഞ്ഞുകൂടാ, ഇവിടത്തെ പല പിന്നോക്ക സമുദായങ്ങളേയും പാടെ അവഗണിച്ചിരിക്കുകയാണ്. ന്യൂന പക്ഷവിഭാഗമായ നാടാർ സമുദായത്തിന്റെ കാര്യം എടുക്കാം. നാടാർ സമുദായങ്ങൾ ഭൂരിപക്ഷമുള്ള നെടുമങ്ങാട്, നെയ്യാറ്റിൻകര താലൂക്കുകളിൽ അഭിഭാഷകരെ നിയമിച്ചു. ഇവരിൽനിന്ന് ഒരാളെപോലും നിയമിച്ചിട്ടില്ലെന്ന കാര്യം സഭയുടെ ശ്രദ്ധയിൽപെടുത്താൻ ആഗ്രഹിക്കുകയാണ്. ധീവരൻ, വിശ്വകർമ്മജർ, ലത്തീൻ കത്തോലിക്കർ തുടങ്ങിയ പിന്നോക്ക സമുദായങ്ങളേയും ഈ കാര്യത്തിൽ അവഗണിച്ചിരിക്കുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഹരിജനങ്ങളേയും അവഗണിച്ചിരിക്കുകയാണ്. അങ്ങനെയുള്ള നടപടികളും സംവരണവ്യവസ്ഥ നിലവിലുണ്ടായിരുന്നിട്ടുപോലും ഗവൺമെൻറിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ട്. സർവ്വകലാശാലയുടെ ഭാഗത്തുനിന്നും മറ്റു പല സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നും ഇത്തരം നടപടി ഉണ്ടാകുന്നുണ്ട്. ഇന്നത്തെ സംവരണവ്യവസ്ഥതന്നെ അപര്യാപ്തമാണ്. പിന്നോക്ക സമുദായങ്ങൾക്ക് അനുവദിച്ചിട്ടുള്ള സംവരണശതമാനം മൊത്തത്തിൽ വർദ്ധിപ്പിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

[Sri T. M. Jacob in the Chair]

ശ്രീ. കെ. രാഘവൻ മാസ്റ്റർ: സർ, ഞാൻ ഈ പ്രമേയത്തെ എതിർക്കുകയാണ്. കേരളചരിത്രമെടുത്ത് പരിശോധിച്ചുനോക്കിയാൽ ഈ സംസ്ഥാനത്തുള്ള പ്രധാനമായ അന്തരം ജാതിയിലും സമുദായത്തിലുമുള്ള അന്തരമാണ് എന്ന് കാണാൻ കഴിയും. ചാതുർവർണ്ണ്യവും അതുപോലെയുള്ള കാര്യങ്ങളും നിലവിലിരുന്ന ഒരു രാജ്യമെന്നുള്ള നിലയിൽ സാമൂഹ്യമായും സാമ്പത്തികമായും ഉള്ള പുരോഗതിയെ അതു ബാധിച്ചിട്ടുണ്ട്. ഒരുകാലത്ത് ഈഴവർക്കും മറ്റു പിന്നോക്ക സമുദായങ്ങൾക്കുമെല്ലാംതന്നെ പൊതുവഴിയിൽക്കൂടി നടക്കാനുള്ള സ്വാതന്ത്ര്യംകൂടി ഇല്ലായിരുന്നു. ഡെപ്യൂട്ടി സ്പീക്കർ എഴുതിയ കേരളചരിത്രം എന്ന പുസ്തകത്തിൽ അതേപ്പറ്റി പറഞ്ഞിട്ടുണ്ട്. 1904-ൽ അഞ്ചു രൂപ ശമ്പളം വാങ്ങിക്കുന്ന ഒരു ഈഴവൻപോലും ഈ തിരുവിതാംകൂർ ഭരണകാലത്ത് ഉണ്ടായിരുന്നില്ലെന്ന് പറഞ്ഞിട്ടുണ്ട്. പിന്നോക്കസമുദായക്കാർ വളരെയധികം വേദനകളും യാതനകളും അനുഭവിച്ചിരുന്നു. ഈ വിഭാഗത്തെ ഉയർത്തുന്നതിനുവേണ്ടി ഗവൺമെൻറ് വളരെയധികം കാര്യങ്ങൾ ചെയ്യുന്നുണ്ട്. പ്രമേയാവതാരകൻതന്നെ "ഒരുജാതി ഒരുമതം ഒരുദൈവം" എന്ന ശ്രീനാരായണ ഗുരുവിന്റെ സൂക്തത്തെപ്പറ്റി പറഞ്ഞു. അത് കടലാസ്സിൽ എഴുതിവച്ചതുകൊണ്ടുമാത്ര

LIBRARY ARCHIVES Kerala Legislative Assembly

മായില്ല, അതനുസരിച്ച് പ്രവർത്തിക്കണം. പഞ്ചസാര മധുരിക്കുമെന്ന് കടലാസ്സിൽ എഴുതിക്കൊടുത്താൽ മധുരിക്കുകയില്ല. സാമൂഹ്യമായി അവശതയനുഭവിക്കുന്ന വിഭാഗങ്ങൾക്ക് അർഹിക്കുന്ന പ്രാതിനിധ്യം വിദ്യാഭ്യാസരംഗത്തും ഉദ്യോഗരംഗത്തും കൊടുത്താൽമാത്രമേ പുരോഗതി ഉണ്ടാവുകയുള്ളു. വൈക്കം സത്യാഗ്രഹംപോലെയുള്ള സത്യാഗ്രഹം നടന്ന അവസരത്തിൽ 1925-ൽ തിരുവിതാംകൂർ അസംബ്ലിയിൽ ഒരു പ്രമേയം കൊണ്ടുവരുകയുണ്ടായി. 1925 ഫെബ്രുവരി 7-ാം തീയതി നിയമസഭയുടെ ആലോചനക്കുവന്ന സഞ്ചാരസ്വാതന്ത്ര്യ പ്രമേയത്തിന് അനുകൂലമായി 21 വോട്ടും പ്രതികൂലമായി 22 വോട്ടും കിട്ടിയതുകൊണ്ട് പരാജയപ്പെടുകയാണുണ്ടായത്. 1925 കാലഘട്ടത്തിൽ സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യംപോലും അവശവിഭാഗക്കാർക്ക് ഉണ്ടായിരുന്നില്ല. ജാതീയമായി അവരെ പിന്നോക്കം തള്ളിയെന്നുള്ള ഒറ്റ കാരണംകൊണ്ട് അവർ വളരെയധികം അവശത അനുഭവിച്ചു. ഉദ്യോഗരംഗത്തും വിദ്യാഭ്യാസരംഗത്തും അവർക്ക് കൂടുതൽ പ്രാതിനിധ്യം നൽകിയാൽ മാത്രമേ പുരോഗതിയുണ്ടാവുകയുള്ളു. വൈക്കം സത്യാഗ്രഹംപോലെയുള്ള സത്യാഗ്രഹങ്ങളിൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസ് വളരെയധികം പങ്ക് വഹിച്ചിട്ടുണ്ടെന്ന് "ഗാന്ധിജിയും കേരളവും" എന്ന പുസ്തകത്തിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ബൽഗാം കോൺഗ്രസ്സിനു പോയിരുന്ന പി. കെ. മാധവൻ, കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട് തുടങ്ങിയവർ 1924 ഡിസംബർ 30-ാം തീയതി മഹാത്മാഗാന്ധിയെ കാണുകയുണ്ടായി. ഇത്തരത്തിലുള്ള അനീതി ദൂരീകരിക്കുന്നതിനുവേണ്ടി നടത്തിയ വൈക്കം സത്യാഗ്രഹത്തിനുവേണ്ടി ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഫണ്ടിൽനിന്ന് മാസം പ്രതി ആയിരം രൂപ കൊടുത്തുകൊണ്ടിരുന്നു. കേരളത്തിലും, ഇൻഡ്യയിലും ഉണ്ടായിട്ടുള്ള അന്തരം പ്രധാനമായും സാമ്പത്തികത്തേക്കാൾ കൂടുതൽ സാമുദായികമാണ്. അതുകൊണ്ട് അവർക്ക് കൂടുതൽ കൂടുതൽ അവസരം നൽകിക്കൊണ്ട് അവരെ ഉയർത്തിക്കൊണ്ടുവരണം. അതുകൊണ്ട് കൂടുതൽ കാലത്തേയ്ക്ക് ഈ ആനുകൂല്യം നൽകണം. ഈ പ്രമേയം പിൻവലിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

11 a.m.] ശ്രീ. എം. സത്യനേശൻ: ഈ പ്രമേയത്തെ ഞാൻ എതിർക്കുകയാണ്. നമ്മുടെ കേരള സംസ്ഥാനത്തിൽ സാമൂഹികവും സാമ്പത്തികവുമായ കാരണങ്ങളാൽ നിരവധി സമുദായങ്ങൾ ഇന്നും പിന്നോക്കാവസ്ഥയിൽ കിടക്കുകയാണ്. അങ്ങനെ ഇവിടെ മുന്നോക്ക സമുദായവും പിന്നോക്ക സമുദായവും ഉണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. ഈ രാജ്യത്ത് രാജവാഴ്ചയുടെയും മറ്റു അനാചാരങ്ങളുടേയും ഫലമായി ഒന്നു രണ്ടു പ്രബല സമുദായങ്ങൾ ഉണ്ടാകുകയും അവർ പ്രമാണിമാരായി മാറുകയും ചെയ്തു. ഇതിന്റെ ഫലമായി ഈ പ്രബല സമുദായങ്ങൾ ഈ രാജ്യത്ത് സർക്കാർ ഉദ്യോഗം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ പിടിച്ചുപറ്റുകയും തൽഫലമായി പ്രത്യേകിച്ച് ഭൂരിപക്ഷം വരുന്ന ഈഴവസമുദായം, മുസ്ലീം സമുദായം തുടങ്ങിയ സമുദായങ്ങൾ പിന്നോക്ക സമുദായങ്ങളായി മാറുകയും ചെയ്തു. നമ്മുടെ സംസ്ഥാനത്ത് ഈ ബഹുഭൂരിപക്ഷം വരുന്ന പിന്നോക്ക ജാതിക്കാർ ഉദ്യോഗരംഗത്തും മറ്റു സാമൂഹികരംഗത്തും അടിച്ചമർത്തപ്പെടുന്ന ഒരു വിഭാഗമായി മാറി. അതുകൊണ്ട് ഇത്തരം സമുദായങ്ങൾക്ക് സാമുദായിക സംവരണം ഏർപ്പെടുത്തണമെന്നാണ് എന്റെ വ്യക്തമായ അഭിപ്രായം. പക്ഷേ 1968-ൽ ഈ സാമുദായിക പ്രാതിനിദ്ധ്യത്തെ സംബന്ധിച്ച് ശാസ്ത്രീയമായി പഠിച്ച് ഒരു റിപ്പോർട്ട് സമർപ്പിക്കാൻ നെട്ടൂർ കമ്മിഷനെ ചുമതലപ്പെടുത്തുകയും ആ കമ്മിഷൻ നമ്മുടെ സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും പോയി

LIBRARY ARCHIVES Kerala Legislative Assembly

തെളിവു ശേഖരിച്ച് ഒരു റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആ റിപ്പോർട്ട് നടപ്പാക്കുമെന്ന് പല പ്രാവശ്യം ഗവൺമെൻറ് വ്യക്തമായി ഈ സഭയിൽ ഉറപ്പുനൽകിയിട്ടുണ്ട്. ആ റിപ്പോർട്ടിൽത്തന്നെ ഈ രാജ്യത്തിലെ ചില പിന്നോക്ക സമുദായങ്ങളിലെ ഒരു പിടി പ്രമാണിമാർക്ക് ഈ ആനുകൂല്യം ലഭിക്കുകയില്ല എന്നുള്ളതൊഴിച്ചാൽ മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക് സംവരണം തുടരണമെന്നും പട്ടികജാതി–പട്ടികവർഗ്ഗക്കാർക്ക് പഴയതുപോലെ സംവരണം നൽകണമെന്നുമാണ് പറഞ്ഞിട്ടുള്ളത്. അതുപോലെതന്നെ ആ റിപ്പോർട്ടിൽ ചില പിന്നോക്ക സമുദായങ്ങളുടെ കാര്യം വിട്ടുപോയിട്ടുണ്ടെങ്കിൽ അതു കൂട്ടിച്ചേർക്കണമെന്നുള്ള അഭിപ്രായമുണ്ട്. അങ്ങനെ നെട്ടൂർ കമ്മിഷൻ റിപ്പോർട്ട് നടപ്പിലാക്കിക്കൊണ്ട് പിന്നോക്ക സമുദായങ്ങൾക്കുള്ള സംവരണം നടപ്പിലാക്കുന്ന നടപടിക്രമം തുടരണം. അതാണ് ഇൻഡ്യയിലേയും കേരളത്തിലേയും പ്രത്യേകമായ സാമുദായികവും സാമൂഹ്യവുമായ പരിതസ്ഥിതി. അതിനുവേണ്ട നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. വി. ജെ. ജോസഫ്: സർ, സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്ന എല്ലാ ജനവിഭാഗങ്ങൾക്കും സംവരണാനുകൂല്യം നൽകേണ്ടതാണെന്നുള്ളതാണ് എന്റെ അഭിപ്രായം. പക്ഷേ ഈ വിഷയത്തെ സംബന്ധിച്ച് പറയുമ്പോൾ, സാമൂഹികമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്ക് മാത്രമല്ല, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുന്നോക്ക സമുദായത്തിൽപ്പെട്ടവർക്കും സംവരണത്തിന്റെ ആനുകൂല്യം നൽകണമെന്നുള്ള വാദഗതി ഈ രാജ്യത്ത് ശക്തിയായി ഉയർന്നിട്ടുണ്ട്. ഈ വിഷയത്തെ സംബന്ധിച്ച് വളരെ സീരിയസായിട്ടുള്ള ചർച്ചകൾ വളരെക്കാലമായി തുടർന്നുവരികയാണ്. ഇന്നത്തെ സംവരണ വ്യവസ്ഥ അശാസ്ത്രീയമാണ് എന്നുള്ള പരാതി ഈ രാജ്യത്ത് ഉയർന്നിട്ടുണ്ടായിരുന്നു. പക്ഷേ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ കാലഘട്ടങ്ങളിൽ ചിന്തിച്ചപ്പോൾ പറഞ്ഞത്, മുന്നോക്ക സമുദായക്കാരേയും പിന്നോക്ക സമുദായക്കാരേയും തമ്മിലടിപ്പിക്കുന്ന വ്യവസ്ഥയേക്കാൾ ഉപരിയായി സമുദായ സൗഹാർദ്ദം ഈ രാജ്യത്ത് നിലനിറുത്തുന്നതിന് ശാസ്ത്രീയമായ രീതിയിലുള്ള ഒരു സംവരണ വ്യവസ്ഥയാണ് ആവശ്യമെന്ന്. ഇന്ന് നിലവിലുള്ള നെട്ടൂർ കമ്മിഷൻ റിപ്പോർട്ട് തള്ളിക്കളഞ്ഞ് ശാസ്ത്രീയമായി സംവരണ വ്യവസ്ഥകളെപ്പറ്റി പഠിക്കുന്നതിനും സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന എല്ലാ ജനവിഭാഗങ്ങൾക്കും സംവരണത്തിന്റെ ആനുകൂല്യം നൽകിക്കൊണ്ട് സമുദായത്തിന്റെ താഴെക്കിടയിലുള്ള ആളുകളെ ഉയർത്തിക്കൊണ്ടുവരുന്നതിനാവശ്യമായ രീതിയിലുള്ള സംവരണ വ്യവസ്ഥ ഈ രാജ്യത്ത് കൊണ്ടുവരുന്നതിനുംവേണ്ടി ഇതേപ്പറ്റി പഠിച്ച് ശാസ്ത്രീയാടിസ്ഥാനത്തിലുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഒരു കമ്മിറ്റിയെ ഗവൺമെൻറ് നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെ ഒരു കമ്മിറ്റി സംവരണ വ്യവസ്ഥയെപ്പറ്റി പഠിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ, വിദഗ്ദ്ധമായ ഒരു റിപ്പോർട്ട് അവതരിപ്പിക്കുന്നതിനുവേണ്ടിയുള്ള ശ്രമത്തിൽ ഏർപ്പെട്ടിരിക്കുന്ന കാലഘട്ടത്തിൽ ഇതുപോലുള്ള ഒരു പ്രമേയത്തിന് പ്രസക്തിയുണ്ടെന്നുള്ള ചിന്ത എനിക്കോ എന്റെ പാർട്ടിക്കോ ഇല്ല. ഈ അവസരത്തിൽ സാമുദായിക സൗഹാർദ്ദം ഈ രാജ്യത്ത് നിലനിറുത്തുന്നതിന് സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടെയും മുന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടെയും അവശതകൾ ശാശ്വതമായി പരിഹരിച്ച്, സമുദായ സൗഹാർദ്ദം സ്ഥാപിച്ച് മുന്നോട്ടുകൊണ്ടുപോകുന്നതിന് ഉതകത്തക്ക രീതിയി

LIBRARY ARCHIVES Kerala Legislative Assembly

ലുള്ള ഒരു റിപ്പോർട്ട് ഉടൻ ഉണ്ടാകുമെന്നുള്ള പ്രതീക്ഷ എനിക്കുള്ളതു കൊണ്ട് തീർച്ചയായും ഈ പ്രമേയത്തിന്റെ ആവശ്യമില്ല എന്നുള്ള അഭിപ്രായം ഞാൻ രേഖപ്പെടുത്തുന്നു.

ശ്രീ. ആർ. സുന്ദരേശൻ നായർ: അഞ്ചാമത്തെ വരിയിൽ 'വ്യവസ്ഥ' എന്നതിനുശേഷം 'തികച്ചും' എന്ന് ചേർക്കുക എന്നുള്ള ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. സ്വാതന്ത്ര്യലബ്ധിക്കുശേഷം നമ്മുടെ രാജ്യത്തിലുണ്ടായിട്ടുള്ള, സാമൂഹിക ജീവിതത്തിലുണ്ടായിട്ടുള്ള ഏറ്റവും വലിയ മാറ്റങ്ങളിൽ ഒന്ന്, വർഗ്ഗീയ ചിന്ത, ജാതി ചിന്ത അരക്കിട്ട് ഉറപ്പിച്ചു എന്നുള്ളതാണ്. ജാതിയുടെ പേരിലുള്ള അസ്പൃശ്യത ഇല്ലാതായിരിക്കുന്നു. പക്ഷേ ജാതി പോയിട്ടും എന്തുകൊണ്ടോ വളരെ ശക്തിയായി വർഗ്ഗീയ സംഘടനകളും, സാമുദായിക സംഘടനകളും ഈ രാജ്യത്ത് നിലനിൽക്കുന്നു. സൗഹാർദ്ദപരമായ ആദർശങ്ങളിൽക്കൂടി ജനങ്ങളെ അണിനിരത്തിക്കൊണ്ടിരുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കുകൂടി ഇന്ന് അതിന്റെ വളർച്ചക്കുവേണ്ടി സാമുദായിക സംഘടനകളെ ആശ്രയിക്കേണ്ട അവസ്ഥയാണുള്ളത്. അത് ഞാൻ നല്ലൊരു മാറ്റമാണെന്നു പറയുകയല്ല. പക്ഷേ ഈ പരിണാമം ഏറ്റവും വലിയ വിപ്ലവപരമായ രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽക്കൂടി കാണാൻ കഴിയുന്നു എന്നുള്ളതാണ് സത്യം. വലിയ വിപ്ലവ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കുപോലും തങ്ങളുടെ നിലനിൽപ്പിനുവേണ്ടി ജാതി സംഘടനകളെ ആശ്രയിക്കേണ്ടി വരുന്ന ഈ അപകടകരമായ അവസ്ഥയിലേക്ക് മാറുന്നതിനുള്ള പ്രധാനപ്പെട്ട കാരണങ്ങളിൽ ഒന്ന്, ഈ രാജ്യത്ത് നിലനിൽക്കുന്ന ഇപ്പോഴത്തെ സാമുദായിക സംവരണമാണെന്നാണ് ഞാൻ കരുതുന്നത്. ഈ പ്രമേയാവതാരകന്റെ ഉദ്ദേശംതന്നെ പിന്നോക്കവിഭാഗക്കാർക്ക് ആനുകൂല്യം ലഭിക്കണമെന്നുള്ളതാണ്. അതിൽ യാതൊരു സംശയവുമില്ല. പക്ഷേ അഭിപ്രായൈക്യമുള്ള കാര്യം, പിന്നോക്കവിഭാഗങ്ങൾ ആരൊക്കെയാണെന്നു തീരുമാനിക്കുന്നതിനുള്ള മാനദണ്ഡം എന്തായിരിക്കണമെന്നുള്ളതാണ്. ജാതി വയ്ക്കുകയാണെങ്കിൽ ശ്രീ. സി. എച്ച്. മുഹമ്മദ്കോയയുടെയും, ശ്രീ. ബീരാന്റെയും കുഞ്ഞുങ്ങൾക്ക് ആനുകൂല്യം കൊടുക്കണമോ അതോ അതേ സമുദായത്തിലുള്ള അവരുടെ കാറ് കഴുകുന്നവരും പുരയിടത്തിൽ ജോലി ചെയ്യുന്നവരുമായ പരീതുകുട്ടിയുടേയും പീരുക്കണ്ണിന്റേയും കുഞ്ഞുങ്ങൾക്ക് ഈ ആനുകൂല്യം കൊടുക്കണമെന്നാണോ? ഈ രണ്ടു വിഭാഗത്തിൽ സംരക്ഷണം ആർക്കാണ് കൊടുക്കേണ്ടത് എന്നുള്ള കാര്യത്തിൽ മാത്രമേ സംശയമുള്ളു. അതാണ് പ്രമേയത്തിന്റെ ഉദ്ദേശവും. കോടതി ഇതേക്കുറിച്ച് വ്യക്തമായ അഭിപ്രായം പറഞ്ഞിട്ടുണ്ട്. കാലാകാലങ്ങളായി ഇതേക്കുറിച്ച് ഒരു പുനർചിന്തനം ഉണ്ടാകണമെന്നു പറഞ്ഞിട്ടുണ്ട്. സ്വാതന്ത്ര്യലബ്ധിക്കുമുൻപും അതിനുശേഷവും നമ്മുടെ ഭരണഘടനയിലെ വകുപ്പുകൾ നടപ്പിലാക്കുന്ന കാലഘട്ടത്തിൽ ബാക്ക്വേർഡ് ക്ലാസസ് ഏതാണെന്ന് നിശ്ചയിക്കുന്ന മാനദണ്ഡം നിർവ്വചിക്കുന്ന കാര്യത്തിൽ അവശതയല്ല, ജാതി മാത്രമാണെന്ന് ആധികാരികമായി കരുതുന്നു. അവിടെനിന്ന് തെറ്റ് ആരംഭിച്ചു. അന്നുതന്നെ ജാതി അവശതക്ക് കാരണമാക്കി. ജനങ്ങളെ മുന്നോക്കസമുദായമെന്നും പിന്നോക്കസമുദായമെന്നും തരംതിരിച്ചപ്പോൾ പിന്നോക്കസമുദായത്തിൽ ശക്തമായ കുടുംബങ്ങൾ ഉണ്ടായിരുന്നു. മുന്നോക്കസമുദായത്തിൽ ചരിത്രപരമായ കാരണങ്ങൾകൊണ്ട് ദാരിദ്ര്യം അനുഭവിക്കുന്ന കഷ്ടപ്പെടുന്ന കുടുംബങ്ങളും ഉണ്ടായിരുന്നു. പക്ഷേ കഴിഞ്ഞ മുപ്പതുവർഷമായി അവർക്ക് അവസരം നിഷേധിക്കപ്പെട്ടിരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുകയാണ്. ഈ മുപ്പതു വർഷത്തിനുശേഷം ഈ കാര്യം ഒന്നു പുനർ ചിന്തനം ചെയ്യണമെന്നുമാത്രമാണ് പ്രമേയകർത്താവ് ആവശ്യപ്പെടുന്നത്. നമ്മുടെ രാജ്യത്തിൽ മൂന്നുനാലു ദിവസത്തിനുമുൻപ് അവതരിപ്പിച്ച കണക്കനുസരിച്ച് 62 ശതമാനം ജനങ്ങളും ദാരിദ്ര്യരേഖക്ക് താഴെയാണെന്നു കാണുന്നു. അവരാണ് യഥാർത്ഥത്തിലുള്ള പിന്നോക്കവിഭാഗക്കാർ. അവർക്ക് സംരക്ഷണം നൽകാൻ ഇവിടെയുള്ള വിപ്ലവ രാഷ്ട്രീയ പ്രസ്ഥാനങ്ങളും തയ്യാറാകണം. അതിന് അനുയോജ്യമായ മാറ്റം ഉണ്ടാകണം. അവശത ഇല്ലാതാക്കുന്നതിനുള്ള ഗവൺമെൻറിന്റെ വിഭവശേഷി പരിമിതമാണെന്ന് നമുക്കറിയാം. ഈ പരിമിതമായ വിഭവശേഷി ജാതിയുടെ അടിസ്ഥാനത്തിലായാലും രാഷ്ട്രീയത്തിന്റെ അടിസ്ഥാനത്തിലായാലും എന്തിന്റെ അടിസ്ഥാനത്തിലായാലും സമ്പന്ന കുടുംബങ്ങളും തട്ടിയെടുക്കുന്നെങ്കിൽ എത്ര നൂറ്റാണ്ടുകളും കഴിഞ്ഞാലും ഈ രാജ്യത്തെ ദരിദ്രകുടുംബങ്ങളിലെ ആളുകൾക്ക് രക്ഷയുണ്ടാകാൻ പോകുന്നില്ല. അതുണ്ടാകണമെങ്കിൽ അവശതയില്ലാതാക്കുന്നതിന് ഗവൺമെൻറിന്റെ ഖജനാവിൽനിന്ന് ചെലവാക്കുന്നതിൽ ഒരു പൈസയുടെ പ്രയോജനംപോലും സമ്പന്നകുടുംബങ്ങളിൽ എത്തിച്ചേരുകയില്ലെന്നും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്കു മാത്രമേ കിട്ടുകയുള്ളൂ എന്നുമുള്ള ഒരു സംവിധാനം ഉണ്ടാക്കാനുള്ള നയം മാറ്റം ഗവൺമെൻറുപക്ഷത്തുനിന്ന് ഉണ്ടാകണം. അതുണ്ടാകണമെങ്കിൽ വിപ്ലവം പ്രസംഗിക്കുന്ന രാഷ്ട്രീയ കക്ഷികളും അതിനായി ശബ്ദമുയർത്തണം. മുന്നോക്കമെന്നുവിശേഷിപ്പിക്കുന്ന ദാരിദ്ര്യം അനുഭവിക്കുന്ന, കഷ്ടപ്പെടുന്ന, ദാരിദ്ര്യരേഖക്ക് താഴെയുള്ള ആയിരക്കണക്കിനു കുടുംബങ്ങളുണ്ട്. വിപ്ലവം പ്രസംഗിക്കുന്ന രാഷ്ട്രീയപ്രസ്ഥാനങ്ങളും അവരുടെ ആളുകളും വേണ്ടി തെരഞ്ഞെടുപ്പുപ്രവർത്തനങ്ങളും നടത്തുന്ന ദരിദ്രകുടുംബങ്ങളിലെ മുന്നോക്കമെന്നു പറയുന്ന ലക്ഷക്കണക്കിനു ചെറുപ്പക്കാരുണ്ട്. അവരുടെ താൽപ്പര്യം സംരക്ഷിക്കാൻ ഇവിടത്തെ വിപ്ലവ രാഷ്ട്രീയപ്രസ്ഥാനത്തിന് ഉത്തരവാദിത്വമുണ്ടോ ഇല്ലയോ എന്ന് അറിയേണ്ടിയിരിക്കുന്നു. പരിമിതമായ വിഭവശേഷിവച്ചുകൊണ്ട് 62 ശതമാനം ജനങ്ങളും ദാരിദ്ര്യരേഖക്കുതാഴെയുള്ള ഒരു രാജ്യത്ത്–സാമൂഹ്യവ്യവസ്ഥിതിയുള്ള ഒരു രാജ്യത്ത്–ഗവൺമെൻറിന്റെ ഖജനാവിൽനിന്നും അവശതയില്ലാതാക്കുന്നതിനുവേണ്ടി ചെലവാക്കുന്നതിൽ ഒരു നയാപൈസയുടെ പ്രയോജനം സമ്പന്നകുടുംബങ്ങളിൽ എത്തിച്ചേരുകയില്ലെന്നും അതിന്റെ മുഴുവൻ പ്രയോജനവും ദാരിദ്ര്യരേഖക്ക് താഴെ നിൽക്കുന്ന ആളുകളുടെ ഉന്നമനത്തിനുവേണ്ടി മാത്രം ലഭിക്കുന്ന ഒരു സംവിധാനം ഉണ്ടാക്കാൻവേണ്ട നയം മാറ്റം ഗവൺമെൻറിനും രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും ഉണ്ടാകണമെന്നും അതായിരിക്കണം ലക്ഷ്യമെന്നും പറഞ്ഞുകൊണ്ട് ഈ പ്രമേയം പിൻവലിക്കരുത് പാസാക്കിയെടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. ബി. ആർ. പിള്ള: സർ, ശ്രീമാൻ രവി അവതരിപ്പിച്ച ഈ പ്രമേയം ശ്രീമാൻ ടി. എം. ജേക്കബ് പിൻതാങ്ങിയതോടുകൂടി അതിന്റെ രാഷ്ട്രീയസ്വഭാവം ഏതാണ്ട് വ്യക്തമായിക്കാണുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഈ പ്രമേയത്തെ സംബന്ധിച്ചിടത്തോളം ഇതിനെ ഞാൻ അനുകൂലിക്കുന്നില്ല. ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചു എങ്കിലും ഈ പ്രമേയത്തോടൊപ്പം പോകാൻ കഴിയുമോ എന്ന് എനിക്കൊരു സംശയമുണ്ട്. സർ, ഈ പ്രമേയത്തെ എതിർക്കുന്ന വിഭാഗം ആളുകൾ വസ്തുനിഷ്ഠമായി പറഞ്ഞാൽ നമുക്കറിയാം ഈ രാജ്യത്തെ അവർണ്ണവിഭാഗത്തിൽപ്പെട്ട ആളുകളാണ്. സവർണ്ണവിഭാഗത്തിൽപ്പെട്ട ആളുകളുടെ സാമ്പത്തികശേഷി കണക്കിലെടുത്തുകൊണ്ട് അവരുടെ സാമ്പത്തികമായ നിലനിൽപ്പിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

സംവരണ സമ്പ്രദായത്തിൽ അയവു വരുത്തുന്നതിനെ സംബന്ധിച്ച് അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായിട്ടുള്ളതുവച്ചുമാത്രമല്ല ഞാൻ സംസാരിക്കുന്നത്". മറ്റു പല വസ്തുതകളുമുണ്ട്. കഴിഞ്ഞ കാലങ്ങളിലെ അനുഭവങ്ങൾ നമ്മുടെ രാജ്യത്ത് സാമൂഹ്യരംഗങ്ങളിൽ ഉണ്ടായിരുന്ന അനുഭവങ്ങൾ അതിവിടെ വിവരിക്കുകയുണ്ടായി. അതിലേക്കൊന്നും ഞാൻ കടക്കുന്നില്ല. ശ്രീമാൻ രവിയും അതുപോലെതന്നെ സുന്ദരേശൻ നായരും ആ ലക്ഷ്യത്തിൽ നിൽക്കുന്നതുകൊണ്ടുതന്നെ ഞാൻ ഇതിനെ എതിർക്കുകയാണ്. സർക്കാർ ആഫീസുകളിലെ പ്യൂൺ ഉദ്യോഗം ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ രാജ്യത്ത് നശിച്ചു നശിച്ചുകൊണ്ടിരിക്കുന്ന ഒരു വിഭാഗം സവർണ്ണവിഭാഗത്തെ ഇനിയും ഇതുപോലെ നിലനിറുത്തി ഈ രാജ്യത്ത് അവരെ നശിപ്പിക്കാമെന്ന് ആരെങ്കിലും ആഗ്രഹിക്കുന്നുണ്ടെങ്കിൽ അത് വളരെ കഷ്ടമാണ്.

എന്താണ് സർ ഇന്നുനടക്കുന്നത്. സർക്കാർ ആഫീസുകളിൽ രണ്ട് പ്യൂൺ ഉദ്യോഗം കിട്ടിയാൽ തൃപ്തിപ്പെടുമോ? ഒരു സംവരണത്തിന്റെയും ആനുകൂല്യം കൂടാതെ ഈ രാജ്യത്തെ സമൂഹത്തെ സ്വയം പരിശ്രമംകൊണ്ട് പിടിച്ചടക്കിയ വിഭാഗമാണ്. ഞാൻ ശ്രീ. സുന്ദരേശൻ നായരോട് ചോദിക്കുകയാണ്, രണ്ടേക്കർ സ്ഥലവും ഒരു പ്യൂൺ ഉദ്യോഗവും വച്ചുനീട്ടുകയാണെങ്കിൽ നിങ്ങൾ പ്രതിനിധാനം ചെയ്യുന്ന വിഭാഗം ഏതിന്റെ പുറകെ പോകും. പ്യൂൺ ഉദ്യോഗത്തിന്റെ പുറകെ പോകും. ഭൂമിക്കുവേണ്ടി ശബ്ദിക്കുമോ? ഇതിന് ആരെ കുറ്റം പറയാൻ സാധിക്കും. ഇനിയും ഇവരെ സംവരണത്തിന്റെ പേരിൽ പിടിച്ചുനിറുത്തിക്കൊണ്ട് അവരുടെ വളർച്ച തടയാനും അവരെ പെരുവഴിയിൽ ആക്കാനും വേണ്ടി കഷ്ടപ്പാട് അനുഭവിക്കുന്ന സമൂഹത്തെ സംവരണത്തിന്റെ പേരുപറഞ്ഞുകൊണ്ട് അതിന്റെ പുറകിൽ വരുത്തി സാമുദായികമായി കലാപം ഉണ്ടാക്കുന്നതിനാണ് ശ്രമിക്കുന്നത്. അതു ചെയ്യാതെ നിങ്ങൾ ഉയരാൻ ശ്രമിക്കണം. ഈ രാജ്യത്ത് എന്തെല്ലാം ആനുകൂല്യങ്ങളുണ്ട്. അതു നേടിയെടുക്കാൻ സമൂഹത്തിന്റെ വളർച്ചക്കുവേണ്ടി പ്രവർത്തിക്കാൻ നിങ്ങൾ തയ്യാറാകുന്നുണ്ടോ? അതു ചെയ്യാതെ സർക്കാർ ഉദ്യോഗത്തിന്റെ പേരും പറഞ്ഞുകൊണ്ട് ഈ രാജ്യത്തെ സമൂഹത്തിൽ ഒരു വിഭാഗത്തെ—കഷ്ടത അനുഭവിക്കുന്ന വിഭാഗമാണ്, ഞാൻ സമ്മതിക്കുന്നു—എത്രകാലം പിടിച്ചു നിറുത്താൻ സാധിക്കും. അവർക്ക് വളരാനുള്ള വേദി വിശാലമാണ്. എന്തുകൊണ്ട് അവരെ വളരാൻ പ്രേരിപ്പിച്ചുകൂടാ. ഈ രാജ്യത്ത് ഭൂമിയെ സംബന്ധിച്ച്, വ്യവസായങ്ങളെ സംബന്ധിച്ച് ഒക്കെ വ്യക്തമായ കാഴ്ചപ്പാടില്ലാതെ സംവരണം, സംവരണം അത് സാമ്പത്തികാടിസ്ഥാനത്തിൽ ഈ ഒരേയൊരു മുദ്രാവാക്യം വച്ചുകൊണ്ട് ഈ രാജ്യത്തെ ഒരു സമൂഹത്തെ നശിപ്പിക്കുന്ന അവസ്ഥ മാറ്റണം. ഈ രാജ്യത്ത് സമൂഹത്തിൽ മൊത്തമായി സാമുദായിക–സാംസ്കാരിക–സാമ്പത്തിക മേഖലകളിൽ തുല്യത വരുത്തിയതിനുശേഷം സംവരണം വേണമോ വേണ്ടയോ എന്ന് ആലോചിക്കാം. ഇപ്പോൾ അതിനുപറ്റിയ സമയമായിട്ടില്ല. നെട്ടൂർ കമ്മിഷൻ റിപ്പോർട്ട് തള്ളി കുറേക്കൂടി ശാസ്ത്രീയമായിട്ടുള്ള ഒരു റിപ്പോർട്ട് വരുത്താൻ അയച്ചിരിക്കുകയാണ്. അതുകൊണ്ട് ഇപ്പോൾ ഈ പ്രമേയത്തിന് പ്രസക്തിയില്ല. ഈ പ്രമേയത്തിന് പ്രസക്തിയില്ലാത്ത സാഹചര്യത്തിൽ സംവരണത്തിന്റെ പേരിൽ സമൂഹത്തെ വേർതിരിക്കുന്ന ശ്രമത്തിൽ നിന്നും പിൻമാറണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു.

ശ്രീ. എസ്. തങ്കപ്പൻ പിള്ള: സർ, പ്രമേയത്തിൽ ''സോഷ്യലിസ്റ്റ് വ്യവസ്ഥിതിക്ക്'' എന്നതിനുശേഷം ''ഒട്ടും'' എന്ന് ചേർക്കുക എന്നുള്ള ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ഈ പ്രമേയത്തെ സംപൂർണ്ണമായി അനുകൂലിക്കുകയാണ്. ഇവിടെ കേട്ട ചില പ്രസംഗങ്ങളും വച്ചുകൊണ്ട് ആലോചിക്കുമ്പോൾ എനിക്ക് ആശ്ചര്യമാണുണ്ടാകുന്നത്. ശ്രീ. പി. ബി. ആർ. പിള്ള വളരെ ആവേശകരമായ നിലയിൽ ഒരു ചേരിതിരിവ് നിങ്ങളും ഉണ്ടാക്കരുത്, തീർച്ചയായും നിങ്ങളും അതിനു തയ്യാറാകരുത് എന്നു പറയുകയുണ്ടായി. അദ്ദേഹത്തിന് ഇതിന്റെ ആശയം മനസ്സിലായോ എന്നു ഞാൻ സംശയിക്കുകയാണ്. സാമ്പത്തിക സംവരണം എന്ന പ്രശ്നം പൊക്കിപ്പിടിച്ചുകൊണ്ട് നിങ്ങളും ഇതിന്റെ പിന്നാലെ നടക്കരുതെന്ന് അദ്ദേഹം പറഞ്ഞു. ഞാൻ എന്റെ ബഹുമാനപ്പെട്ട സുഹൃത്തിനെ അറിയിക്കുകയാണ്, ഈ സാമ്പത്തിക സംവരണം ഇന്നും ഇന്നലെയും ഉണ്ടായിട്ടുള്ളതല്ല എന്ന്. മഹാനായ കാറൽ മാർക്സ് അദ്ദേഹത്തിന്റെ 'ദാസ് ക്യാപ്പിറ്റൽ' എന്ന ഗ്രന്ഥത്തിൽ പറഞ്ഞിട്ടുള്ള കാര്യമാണ്. അതിനെ സംബന്ധിച്ച് ഈ ലോകമെമ്പാടും ശബ്ദം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. പി. ബി. ആർ. പിള്ള: അതൊന്നു വിശദീകരിക്കാമോ?

ശ്രീ. എസ്. തങ്കപ്പൻ പിള്ള: പ്രത്യേകം സമയം തരികയാണെങ്കിൽ നമുക്ക് അതിനെ സംബന്ധിച്ച് വിശദീകരണം നടത്താം. സമയമില്ലാത്തതുകൊണ്ട് ഞാൻ വഴങ്ങുന്നില്ല. ഈ രാജ്യത്ത് സോഷ്യലിസ്റ്റ് പാറ്റേൺ ഓഫ് സൊസൈറ്റിയാണ് ഉന്നംവച്ചുകൊണ്ട് മുന്നോട്ടുപോകുന്നതെങ്കിൽ അത് നടപ്പിലാക്കാനുള്ള ബാധ്യത ഈ ഗവൺമെന്റിനുണ്ട്. സാമ്പത്തികപരാധീനതയുള്ള എല്ലാ വിഭാഗം ആളുകൾക്കും ജാതിമതഭേദം കൂടാതെ ആനുകൂല്യങ്ങളും കൊടുക്കണമെന്നുപറഞ്ഞാൽ എന്താണ് അതിൽ വിവേചനം എന്നു ഞാൻ ചോദിക്കുകയാണ്. ആർക്കും അതിനെ എതിർക്കാൻ സാധ്യമല്ല. ശ്രീ. യു. എ. ബീരാൻ ഇവിടെ ഒരു കാര്യം പറഞ്ഞു, അവർണ്ണ വിഭാഗങ്ങളെ അവഗണിക്കുവാൻ പാടില്ല എന്ന്. അവർണ്ണ വിഭാഗങ്ങൾക്ക് അവശതയുണ്ട്, സാമൂഹ്യമായും വിദ്യാഭ്യാസപരമായും അവശതയുണ്ട്, അത് പരിഹരിക്കുവാനുള്ള പരിരക്ഷ കൊടുക്കണം. ഞങ്ങളും അതിനു വേണ്ടി വാദിക്കുന്നവരാണ്. പക്ഷേ നേരത്തെ സുന്ദരേശൻ നായർ പറഞ്ഞതുപോലെ ഇവിടത്തെ പ്രതിപാദനവിഷയം മുഖ്യമന്ത്രിയുടെ വീട്ടിൽ വേലയ്ക്കുനിൽക്കുന്ന പാവപ്പെട്ടവന്റെ കാര്യമാണ്. അവുക്കാദർകുട്ടി നഹയുടെ വീട്ടിലെ പരിചാരകരുടെ കാര്യം നോക്കണം. അവിടെ ജാതിയും മതവും നോക്കരുത്. മുഖ്യമന്ത്രി പി. കെ. വാസുദേവൻ നായരുടെ സന്തതികൾക്ക് ആനുകൂല്യം കൊടുക്കരുതെന്നു ഞങ്ങളും വാദിക്കുമ്പോൾ നഹാ സാഹിബിന്റെ മക്കൾക്കും ആനുകൂല്യം കൊടുക്കരുത് എന്നു പറഞ്ഞാൽ അതിൽ എന്താണ് വിവേചനം? ഈ രാജ്യത്ത് ഇൻഡ്യാഗവൺമെന്റുതന്നെ ഈ പ്രശ്നത്തെക്കുറിച്ച് പല പാർലമെന്ററി സബ് കമ്മിറ്റികളെക്കൊണ്ടും പഠിപ്പിച്ച് എടുത്തിട്ടുള്ള തീരുമാനംതന്നെ സാമ്പത്തികമായി പരാധീനതയുള്ളവർക്ക് പരിരക്ഷ കൊടുക്കണമെന്നുള്ളതാണ്. ഭരണഘടനയുടെ 14-ാം വകുപ്പിൽ ആദ്യം പറയുന്നത് എന്റെ പ്രിയപ്പെട്ട സുഹൃത്തുക്കളും ആലോചിച്ചുകാണുമെന്നു ഞാൻ വിശ്വസിക്കുകയാണ്. അതിനനുസരിച്ചുള്ള പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുകയാണ്. കേരളം ഒഴിച്ച് മറ്റെല്ലാ സംസ്ഥാനങ്ങളിലും ഈ തത്വം അംഗീകരിച്ചുകൊണ്ട് മുന്നേറുകയാണ്. കേരളത്തിൽ വിദ്യാഭ്യാസ രംഗത്തും രാഷ്ട്രീയ രംഗത്തും മറ്റു സാമൂഹ്യ രംഗങ്ങളിലും പുരോഗതിയിലേക്ക് പാഞ്ഞുകൊണ്ടിരിക്കുന്ന ഒരു ഗവൺമെന്റ് എന്തുകൊണ്ട് ഇതു ചെയ്യാൻ അമാന്തിക്കുന്നു എന്ന് ഞാൻ ചോദിക്കുകയാണ്? ആർട്ടിക്കിൾ 14-ൽ പറയുന്നത് "The State shall not deny to any person equality before the law or the equal protection of

LIBRARY ARCHIVES Kerala Legislative Assembly

the laws within the territory of India." എന്നാണ്. ഇത് സാമാന്യ ബുദ്ധികൊണ്ടുതന്നെ മനസ്സിലാക്കിയാൽ മതി. നിയമത്തിന്റെ മുന്നിൽ നാം സമൻമാരാണ്. നിയമപരമായ പരിരക്ഷ ഈ രാജ്യത്തെ ജനങ്ങൾക്ക് ആവശ്യമാണ്. അതാണ് equality of opportunity എന്നു പറയുന്നത്. ആർട്ടിക്കിൾ 15-ൽ പറയുന്നത് the State shall not discriminate against any citizen on grounds only of religion, race, caste, sex, place of birth or any of them. സർ, ഇതിനെ ആശ്രയിച്ചുതന്നെയാണ് ആർട്ടിക്കിൾ 16-ലും വളരെ വ്യക്തമായി പറയുന്നത്. മുഖ്യമന്ത്രി അതൊന്ന് ആലോചിച്ചുനോക്കേണ്ടതാണ്. ഇന്നലത്തെ ആചാരം ഇന്ന് നിയമമാക്കിക്കൊണ്ടുപോകണമെന്ന് അനുശാസിക്കരുത്. മാറി മാറി വരുന്ന പരിതഃസ്ഥിതികളെ മനസ്സിലാക്കിക്കൊണ്ട് ഇതു മാറ്റിയെടുക്കുവാൻ കഴിയുമോ എന്നാലോചിക്കണം. ഇന്ന് വിദ്യാഭ്യാസപരമായും മറ്റും പിന്നോക്കം നിൽക്കുന്ന മുസ്ലീം സമുദായത്തിന് ആനുകൂല്യം കൊടുക്കണമെന്നും മറ്റു പിന്നോക്കം നിൽക്കുന്ന ആളുകൾക്കും ആനുകൂല്യം കൊടുക്കണമെന്നും ഏകകണ്ഠമായ സ്വരത്തിൽ ഞങ്ങൾ വാദിക്കുകയാണ്. അതേയവസരത്തിൽ ഒരു പ്രത്യേക സമുദായത്തിൽ ജനിച്ചു എന്ന ഒരൊറ്റ കാരണംകൊണ്ട് സാമ്പത്തികമായി ബുദ്ധിമുട്ടുണ്ടെങ്കിൽ അവരെ അവഗണിക്കരുതേ എന്നും അഭ്യർത്ഥിക്കുകയാണ്. സ്ഥിതിസമത്വം ആഗ്രഹിക്കുന്ന ഒരു രാജ്യത്ത് എന്തുകൊണ്ട് സാമ്പത്തിക അടിസ്ഥാനത്തിൽ സംവരണം നടപ്പിലാക്കാൻ വൈഷമ്യം കാണിക്കുന്നു എന്നും സ്വാഭാവികമായി ചോദിച്ചുപോകുകയാണ്. അതുകൊണ്ടാണ് ആർട്ടിക്കിൾ 16-ൽ വളരെ വ്യക്തമായി പറയുന്നത് there shall be equality of opportunity for all citizens in matters relating to employment or appointment to any office under the State. സർ, ഇതിൽ ഒരു പ്രത്യേക വിഭാഗം പറയുന്നുണ്ട്; സോഷ്യലി ആൻഡ് എഡ്യൂക്കേഷണലി ബാക്ക്വേഡ് ക്ലാസ്. അവർക്ക് ആനുകൂല്യം കൊടുക്കണമെന്നു വിവക്ഷയുണ്ട്. പക്ഷേ വളരെ വർഷങ്ങളായി ഇവിടെ ഇതുതന്നെ അനുസ്യൂതമായി കൊടുത്തുകൊണ്ടിരിക്കുകയാണ്. ആ ആനുകൂല്യം തുടർന്നുകൊടുക്കണമെന്ന് ഞങ്ങൾ പറയുന്നു, എതിർക്കണമെന്ന് പറയുന്നില്ല. പക്ഷേ ഇവിടെ സവർണ്ണരെന്നും അവർണ്ണരെന്നും മാറ്റിനിർത്തിക്കൊണ്ട് പ്രത്യേകമായ തട്ടിൽ ആക്കി ജാതിവിഷം ഇറക്കിവിടരുതെന്ന് പറയുകയാണ്. ഇവിടെയാണ് രാഷ്ട്രീയ ധ്രുവീകരണം ഉണ്ടാകേണ്ടത്. ഇല്ലാത്തവന്റെ ഒരു ചേരി ഈ രംഗത്ത് തടിച്ചുകൂടുന്നു എന്ന് പറയുന്നു. ആ ഇല്ലാത്തവനുവേണ്ടി ശബ്ദമുയർത്താൻ അവന്റെ അണികളെ വളർത്തിക്കൊണ്ട് മുന്നോട്ടുപോകാൻ ഈ രാജ്യത്തെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ മുന്നോട്ടുവരണമെന്നും അതിന് നേതൃത്വം കൊടുക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. പി. എസ്തോസ്: ബഹുമാനപ്പെട്ട മെമ്പർക്ക് എൻ.ഡി.പി.-യിൽ തന്നെ നിന്നുകൂടായിരുന്നോ?

ശ്രീ. എസ്. തങ്കപ്പൻ പിള്ള: ബഹുമാനപ്പെട്ട എസ്തോസിന് അത് മനസ്സിലായിട്ടില്ല. അഥവാ മനസ്സിലായിട്ടുണ്ടെങ്കിലും മനസ്സിലായിട്ടില്ലെന്നു ചില പ്രത്യേക പരിഗണനയുടെ പേരിൽ നടിക്കുന്നു എന്നുമാത്രമേയുള്ളു. ബഹുമാനപ്പെട്ട എസ്തോസ് ഈ ആശയം പൂർണ്ണമായി മനസ്സിലാക്കിയാൽ എന്റെ അഭിപ്രായത്തോട് വിയോജിക്കുകയില്ലെന്ന് പൂർണ്ണമായും ഞാൻ വിശ്വസിക്കുകയാണ്. അതുകൊണ്ട് ഒരു സോഷ്യലിസ്റ്റിക് പാറ്റേൺ ഓഫ് സൊസൈറ്റി ലക്ഷ്യമാക്കി മുന്നോട്ടുപോകുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവൺമെൻറ് സാമ്പത്തികാടിസ്ഥാനത്തിലുള്ള സംവരണം അംഗീകരിക്കണമെന്നും അതിന് അനുസരണമായ നടപടി കൈക്കൊള്ളണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ഈ പ്രമേയത്തെ ഒന്നുകൂടി പിന്താങ്ങുകയാണ്.

ശ്രീ. പി. പി. വി. മൂസ: സാർ, ഞാൻ ഈ പ്രമേയത്തെ ശക്തിയായി എതിർക്കുകയാണ്. നമ്മുടെ രാജ്യത്ത് മുസ്ലീങ്ങളും തുടങ്ങിയ പിന്നോക്ക സമുദായങ്ങൾക്ക് ഭരണഘടന നൽകിയിട്ടുള്ള ആനുകൂല്യങ്ങളും അനുസരിച്ച് സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. ആ സംവരണവ്യവസ്ഥ ഒരളവുവരെ പാലിക്കുവാൻ മുന്നോട്ടുവന്ന സംസ്ഥാനമാണ് കേരളം. അതുകൊണ്ടുതന്നെ ഒരു പ്രശസ്തി ഈ സംസ്ഥാനത്തിനുണ്ട്. ആ പ്രശസ്തിക്ക് കളങ്കം ചാർത്തുന്ന ഒരു നടപടിയായിരുന്നു നെട്ടൂർ കമ്മിഷൻ റിപ്പോർട്ട് തള്ളിക്കളഞ്ഞുകൊണ്ട് ഗവൺമെൻറ് സ്വീകരിച്ച നടപടി. ഈ പ്രമേയം അംഗീകരിക്കുകയാണെങ്കിൽ നെട്ടൂർ കമ്മിഷൻ റിപ്പോർട്ട് തള്ളിക്കളഞ്ഞ കളങ്കത്തിന് ഒരു തൂവൽകൂടിയാകും. അതുകൊണ്ട് ഭരണകക്ഷികളും ഈ പ്രമേയത്തെ അനുകൂലിക്കുകയില്ലെന്ന പൂർണ്ണവിശ്വാസം എനിക്കുണ്ട്. ഈ പ്രമേയം അംഗീകരിക്കുകയാണെങ്കിൽ ആ പ്രശസ്തി തകർന്നുപോകുമെന്നു മാത്രമല്ല ഞാൻ അടക്കമുള്ള പിന്നോക്കസമുദായങ്ങളും ഇനിയും വളരെക്കാലം ഈ അവസ്ഥയിൽനിന്ന് പുറകോട്ട് പോകുകയും ചെയ്യും. അർഹമായ പ്രാതിനിധ്യം ഇപ്പോഴും പല മേഖലയിലും ലഭിച്ചിട്ടില്ലെന്നുള്ള വസ്തുത നിലവിലിരിക്കെ എന്റെ മാന്യസുഹൃത്ത് ശ്രീ. ബീരാൻ പറഞ്ഞതുപോലെ സെക്രട്ടേറിയറ്റ് മാത്രമല്ല കേരളത്തിലെ ഏത് ചെറിയ ചെറിയ ഓഫീസെടുത്ത് പരിശോധിച്ചാലും നൂറ്റാണ്ടുകളായി മുന്നോക്കാധിപത്യം പുലർത്തിയ ചരിത്രമാണ് ഉള്ളത്. ആ ചരിത്രം തിരുത്തപ്പെടുന്നതുവരെ പിന്നോക്കസമുദായ സംവരണം തുടരണമെന്ന് ശക്തിയായി ആവശ്യപ്പെട്ടുകൊണ്ട് ഈ പ്രമേയത്തെ ഞാൻ എതിർക്കുന്നു.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: ഞാൻ പ്രമേയത്തെ ശക്തിയുക്തം എതിർക്കുകയാണ്. പ്രമേയാവതാരകൻ വളരെയധികം വിശദീകരണങ്ങളും ഈ പ്രമേയം പാസ്സാക്കുന്നതിനെ സംബന്ധിച്ച് ഇവിടെ നടത്തുകയുണ്ടായി. സർ, ഈ രാജ്യത്ത് വർഷങ്ങൾക്കു മുൻപ് ചാതുർവർണ്ണ്യം നിലനിന്നിരുന്നു. ആ ചാതുർവർണ്ണ്യത്തിന്റെ കെടുതികളും അനുഭവിച്ചവരാണ് ഈ രാജ്യത്തെ ജനങ്ങളും. ഈ രാജ്യത്ത് പിന്നോക്കക്കാരും ഹരിജനങ്ങളും എങ്ങനെയുണ്ടായി? സവർണ്ണവിഭാഗങ്ങളും സൃഷ്ടിച്ചതല്ലേ? ഹരിജനങ്ങൾക്കും പിന്നോക്കക്കാർക്കും ജാതിസംവരണവ്യവസ്ഥ നിലനിർത്തിക്കൊണ്ട് സംരക്ഷണം നൽകണമെന്ന് ആവശ്യപ്പെടുമ്പോൾ അതിനപ്പുറത്ത് ഒരു വിഭാഗമാളുകൾ പറയുന്നു ചാതുർവർണ്യം വീണ്ടും പുനഃസ്ഥാപിക്കണമെന്ന്. സമൂഹത്തിൽ സാമ്പത്തികമായി അടിച്ചമർത്തപ്പെട്ട്, സകലവിധ ചൂഷണങ്ങൾക്കും വിധേയരായ ഹരിജനങ്ങൾക്കും, പിന്നോക്കവർഗ്ഗക്കാർക്കും ജാതിസംവരണ വ്യവസ്ഥ ഈ രാജ്യത്ത് അസമത്വം നിലനിൽക്കുന്നിടത്തോളം കാലം നിലനിർത്തണമെന്നുള്ളതാണ്. അതല്ലെങ്കിൽ സവർണ്ണരുടെ കൈകളിൽനിന്നും അവർക്ക് നീതി ലഭിക്കുകയില്ലെന്ന് ചരിത്രം തെളിയിച്ചിട്ടുണ്ട്. ഈ രാജ്യത്തുള്ള ജാതിക്കോമരങ്ങളുടെ കാര്യം എല്ലാവർക്കുമറിയാം. ജാതിയുടെ പേരിൽ മനുഷ്യനെ അകറ്റിനിർത്തുകയാണ്. ഹരിജനങ്ങളെ ഹരിജനങ്ങളായി കണ്ടുകൊണ്ട് ചില ആനുകൂല്യങ്ങളും നൽകിക്കൊണ്ടിരിക്കുകയാണ്. എന്നാൽ അവരുടെ പ്രശ്നങ്ങൾക്ക് യാതൊരു പരിഹാരവും ഉണ്ടായിട്ടില്ല. അവരുടെ പ്രശ്നങ്ങൾ ഇന്നും നിലനിൽക്കുന്നു. സവർണ്ണർ ഹരിജനങ്ങളെ എങ്ങനെയാണ് ഇന്ന് കാണുന്നത്? മനുഷ്യരായിട്ടാണോ കാണുന്നത്? ഈ രാജ്യത്ത് മനുഷ്യരെ

LIBRARY ARCHIVES Kerala Legislative Assembly

മനുഷ്യരായി കാണണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. പക്ഷേ അവരെ മനുഷ്യരായി കാണുന്നില്ലെന്നുള്ളതല്ലേ സത്യം? വെറും മൃഗങ്ങളെപ്പോലെ പുഴുക്കളെപ്പോലെ കാണുന്ന ഒരു വിഭാഗമാളുകൾ ഇന്നും ഈ രാജ്യത്തുണ്ട്. അങ്ങനെയുള്ള ആളുകൾ ഈ രാജ്യത്ത് നിലനിൽക്കുന്നിടത്തോളം കാലം ജാതിസംവരണ വ്യവസ്ഥയും നിലനിൽക്കണം. അതനുസരിച്ചുള്ള എല്ലാ വിധ ആനുകൂല്യങ്ങളും അവകാശങ്ങളും അവർക്ക് ലഭിക്കേണ്ടതാണ്. അവർക്ക് എല്ലാവിധ സംരക്ഷണവും നൽകണമെന്ന് ഭരണഘടന അനുശാസിക്കുന്നുണ്ട്. ഭരണഘടന ആവശ്യമായ സംരക്ഷണം നൽകുന്നുണ്ട്. അതിനെതിരായി അങ്ങുമിങ്ങും നിന്നുകൊണ്ട് ചാതുർവർണ്യം പുനഃസ്ഥാപിക്കണമെന്ന് പറയുകയാണ്. അതുപോലെതന്നെ ആർ. എസ്. എസ്. നെപ്പറ്റി നമുക്കറിയാം. ആർ. എസ്. എസ്.—ന്റെ നേതാവായ ദേവരശ് എന്താണ് പറയുന്നത്? ഈ രാജ്യത്ത് ചാതുർവർണ്യം പുനഃസ്ഥാപിച്ചുകൊണ്ട് ഒരു ഹിന്ദുരാഷ്ട്രമാണ് അവർ ഭാവനയിൽ കാണുന്നതെങ്കിലും അവരുടെ കീഴിൽ ഹരിജനങ്ങൾക്ക് യാതൊരു സംരക്ഷണവും ഉണ്ടാകുകയില്ല. മൃഗങ്ങളുടെ സ്ഥാനംപോലും ഉണ്ടാകുകയില്ലെന്നുള്ള അവസ്ഥയിൽ, അതുണ്ടാകുകയില്ലെന്നുള്ളതുകൊണ്ട് മാത്രം ജാതിസംവരണ വ്യവസ്ഥയനുസരിച്ചുള്ള എല്ലാവിധ ആനുകൂല്യങ്ങളും അവകാശങ്ങളും നൽകാൻ ഗവൺമെന്റ് ബാധ്യസ്ഥമാണ്.

ശ്രീ. പി. കെ. ശ്രീനിവാസൻ: സർ, ഞാൻ ഈ പ്രമേയത്തെ എതിർക്കുകയാണ്. നിലവിലുള്ള സംവരണവ്യവസ്ഥ തുടരണമെന്നാണ് എന്റെ അഭിപ്രായം. നമ്മുടെ സംസ്ഥാനങ്ങളേയും ഇൻഡ്യ ഒട്ടാകെയും എടുത്ത് പരിശോധിച്ചാൽ ഹരിജനങ്ങളുടെയും ലക്ഷക്കണക്കിന് വരുന്ന പിന്നോക്കസമുദായക്കാരുടെയും പിന്നോക്കാവസ്ഥയ്ക്ക് ചരിത്രപരമായ ചില കാരണങ്ങളുണ്ട്. ആ ചരിത്രപരമായ പശ്ചാത്തലം വിസ്മരിച്ചുകൊണ്ടാണ് ഇവിടെ പലരും സംസാരിച്ചത്. ആ ചരിത്രപരമായ പശ്ചാത്തലം ഞാൻ ഇവിടെ വിശദീകരിക്കുന്നില്ല, എങ്കിലും, ലക്ഷക്കണക്കിന്, കോടിക്കണക്കിന് ആളുകൾക്ക് ഇവിടെ വിദ്യാഭ്യാസം നിഷേധിച്ചു, വഴി നടക്കാനുള്ള സൗകര്യം നിഷേധിച്ചു, മറ്റു സൗകര്യങ്ങൾ നിഷേധിച്ചു. അങ്ങനെ സാമ്പത്തികമായും സാമൂഹ്യമായും പല അവകാശങ്ങളും വർഷങ്ങളായി നിഷേധിച്ചിരുന്ന ലക്ഷക്കണക്കിന് ആളുകളുടെ ഒരു പ്രശ്നമാണ് ഇത്. ആ പശ്ചാത്തലത്തിൽ പല ബഹുജനസമരങ്ങളും ഈ സംസ്ഥാനത്ത് നടന്നു, തിരുവിതാംകൂറിൽ നടന്നു, തിരുകൊച്ചിയിൽ നടന്നു, കേരളസംസ്ഥാനത്തിൽ നടന്നു. ഉദ്യോഗനിയമനത്തിൽ ന്യായമായ പ്രാതിനിധ്യം ലഭിക്കാൻവേണ്ടി ഉണ്ടായ മലയാളി മെമ്മോറിയൽ അന്നത്തെ പുരോഗമനപരമായ ഒരു പ്രസ്ഥാനമായിരുന്നു. അതിനു ശേഷം നമ്മുടെ തിരുവിതാംകൂറിൽ നിവർത്തനപ്രക്ഷോഭണമുണ്ടായി. അതെല്ലാം ഉദ്യോഗനിയമനത്തിൽ അർഹമായ പരിഗണന ലഭിക്കുന്നതിനു വേണ്ടിയുള്ള സമരമായിരുന്നു.

സർ, സ്വാതന്ത്ര്യലബ്ധിക്കുശേഷവും കേരളത്തിലും, ഇൻഡ്യയിലും ഈ അവകാശങ്ങൾ നിഷേധിക്കപ്പെട്ട ലക്ഷോപലക്ഷം ജനങ്ങളുണ്ട്. അടുത്ത കാലത്ത് ബീഹാറിൽ പിന്നോക്കവിഭാഗത്തിന് സംവരണതത്വം എർപ്പെടുത്തിയിട്ടുണ്ട്. ശ്രീനാരായണനെക്കുറിച്ച് അങ്ങ് പറഞ്ഞത് ഞാൻ ഓർക്കുന്നു, ഈ വിവേചനത്തിനെതിരായി പോരാട്ടം നടത്തിയ ഒരാളാണ് ശ്രീനാരായണൻ. ജാതിപരമായുള്ള അനാചാരങ്ങൾക്കെതിരായി, വിദ്യാഭ്യാസം നിഷേധിക്കുന്നതിനെതിരായി, വഴിനടക്കുന്നതിനുള്ള സൗകര്യം നിഷേധിക്കുന്നതിനെതിരായി പോരാട്ടം നടത്തിയ ആളാണ്, അദ്ദേഹം

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞതിൽനിന്നും ചിലത് അടർത്തിയെടുത്ത് പറയുന്നത് ശരിയല്ല. അതുപോലെതന്നെ കാറൽ മാർക്സിനെപ്പറ്റിയും ഇവിടെ പറഞ്ഞു. ഭരണ ഘടനയിലെ ചില വകുപ്പുകളെപ്പറ്റി പറഞ്ഞു. നിലവിലുള്ള വിവേചനം പാടില്ലെന്നാണ് ഭരണഘടനയിൽ പറഞ്ഞിട്ടുള്ളത്. വിവേചനം ഉണ്ട്. ഉദ്യോഗനിയമനങ്ങളിൽ വിവേചനമുണ്ട്. ഈ വിവേചനം അവസാനിപ്പിക്കാത്തിടത്തോളം കാലം ഹരിജനങ്ങൾക്കും പിന്നോക്ക വിഭാഗങ്ങൾക്കും നിലവിലുള്ള സംവരണ വ്യവസ്ഥ അനുവദിച്ചു കൊടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. എം. വി. രാഘവൻ: സർ, ഞാൻ ഈ പ്രമേയത്തെ എതിർക്കുകയാണ്. ഇവിടെ ഈ പ്രമേയത്തെ അനുകൂലിച്ചുകൊണ്ട് എന്റെ ചില സ്നേഹിതൻമാർ പറഞ്ഞത്, വിപ്ലവത്തെപ്പറ്റിയും സോഷ്യലിസത്തെപ്പറ്റിയും ഒക്കെ പറയുന്ന ആളുകൾ ഗൗരവമായിട്ട് ആലോചിക്കണമെന്നാണ്. എന്താണ് വിപ്ലവത്തെപ്പറ്റിയും സോഷ്യലിസത്തെപ്പറ്റിയും ആ സ്നേഹിതൻമാർ മനസിലാക്കിയതെന്ന് മനസിലായതുമില്ല. ദാസ്കാപ്പിറ്റൽവരെ ഇവിടെ പറഞ്ഞു. ദാസ്കാപ്പിറ്റൽ എന്താണെന്ന് ചോദിച്ചിട്ട് അതും പറയുന്നില്ല. കാറൽമാർക്സ് പറഞ്ഞിട്ടുണ്ടെന്നാണ് പറയുന്നത്. ദാസ്കാപ്പിറ്റൽ എന്നുള്ളത് ഒരാളുടെ പേരാണോ മറ്റു വല്ലതുമാണോ? ബഹുമാനപ്പെട്ട സുഹൃത്തിനെ ഇവിടെ കാണുന്നില്ല. ചോദിച്ചിട്ട് പറയുന്നുമില്ല. അതുകൊണ്ട് ഈ കാര്യങ്ങൾ ഒന്ന് ഒഴിവാക്കി കാറൽമാർക്സിനെ ഒന്ന് വിട്ടേക്കണം.

സോഷ്യലിസ്റ്റ് പാർട്ടിയെ ഓഫ് സൊസൈറ്റിയോ—എന്താണ് അത്? സോഷ്യലിസം അല്ല, അത്രയും സമ്മതിച്ചു. സോഷ്യലിസം അല്ലെന്ന് സമ്മതിച്ചതിന് നന്ദിയുണ്ട്. ഈ രാജ്യത്ത് ഇൻഡ്യയിലും, കേരളത്തിലും സാമൂഹ്യമായും സാമ്പത്തികമായും അടിമത്തം അനുഭവിച്ച ജനവിഭാഗങ്ങൾക്ക് ഒരതിർത്തിയോളം മറ്റു സമുദായങ്ങളോടൊപ്പം എത്തുന്നതിന് ചില ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. അത് ഈ രാജ്യത്തെ പുരോഗമന രാഷ്ട്രീയപ്രസ്ഥാനങ്ങളും സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങളും വിപ്ലവ പ്രസ്ഥാനങ്ങളും എല്ലാം അംഗീകരിക്കുന്നതാണ്. സോഷ്യലിസം എന്ന് പറയുന്നത് ഈ രാജ്യത്തെ മുതലാളിത്തത്തെയും ജൻമിത്തത്തെയും നശിപ്പിച്ച് ഈ രാജ്യത്ത് കൃഷിയും വ്യവസായവും പൊതുഉടമയിൽ കൊണ്ടുവരലാണ്. അതിന് തയ്യാറുള്ളവരുണ്ടെങ്കിൽ നമുക്ക് വേറെ നോക്കാം. അങ്ങനെ വന്നാൽ ബുദ്ധിമുട്ടില്ല. പിന്നെ കുറച്ച് കൊണ്ടുവരാൻ കഴിയും. അതല്ല ഇന്നത്തെ സ്ഥിതി. ഈ രാജ്യത്തെ സവർണ്ണവർഗ്ഗം എന്നു പറയുന്നവർ, അല്ലെങ്കിൽ സവർണ്ണവർഗ്ഗം എന്ന് ഞാൻ പറയുന്നില്ല, സവർണ്ണർ എന്ന് പറയുന്നവർ അവർണ്ണരെ അടിച്ചമർത്തിയിട്ടുണ്ട്, കുറെ കാലത്തേയ്ക്കെങ്കിലും എന്നുള്ള കാര്യം സമ്മതിക്കുമോ? തൊട്ടുകൂടാത്തവർ തീണ്ടികൂടാത്തവർ എന്തിനു ദൃഷ്ടിയിൽ പെട്ടാൽതന്നെ ബുദ്ധിമുട്ടുള്ളവർ—ഏട്ടിൽ ഉണ്ടാകുമല്ലൊ. അത് ചെയ്തവർ നമ്മുടെ സവർണ്ണർ അല്ലേ? പി. കെ. വാസുദേവൻനായരോട് ഒരു അഭ്യർത്ഥന പി. കെ. വാസുദേവൻനായരുടെ കുഞ്ഞിന് കിട്ടുന്നില്ല, നഹയുടെ കുട്ടിക്ക് കിട്ടും. എന്തു കൊണ്ടാണ്? നഹയുടെ പിൻമുറക്കാർ കുറെ കഷ്ടപ്പെട്ടുപോയി. പി. കെ. വാസുദേവൻനായരുടെ പിൻമുറക്കാർ കഷ്ടപ്പെടുത്തിയതാ; അതല്ലെങ്കിൽ എന്റെയും പിൻമുറക്കാർ കഷ്ടപ്പെടുത്തിയതാ? അതുകൊണ്ടുതന്നെ അങ്ങനെയുള്ള ആളുകൾക്ക് ചില ആനുകൂല്യങ്ങൾ കൊടുക്കണം, അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഈ സവർണ്ണർ കുറച്ചു

LIBRARY ARCHIVES Kerala Legislative Assembly

സഹിക്കൂ. ഇത്ര നാളും മറ്റുള്ളവരെ ബുദ്ധിമുട്ടിച്ചു. അപ്പോഴെ അവരും കുറച്ച് അനുഭവിക്കട്ടെ. അന്നേരം നിങ്ങൾക്ക് എന്താണ് ഈ ബുദ്ധിമുട്ട്. ബുദ്ധിമുട്ട് കുറച്ച് സഹിക്കുക.

പിന്നെ പിന്നോക്കക്കാരിലും മുന്നോക്കക്കാർ, പൈസക്കാർ, അവർക്ക് ഈ അനുകൂല്യം കൊടുക്കുന്നതിനോട് ഞങ്ങൾക്കും വിരോധമാണ്. അതിനെ നിങ്ങൾതന്നെയല്ലേ അനുകൂലിച്ചത്; ഈ പ്രമേയം കൊണ്ടുവന്ന ആളുകൾ. 8,000 രൂപയിൽ കൂടുതൽ വാർഷിക വരുമാനമുള്ള ആളുകൾക്ക് ഇത് കൊടുക്കേണ്ടെന്നേ നെട്ടൂർ കമ്മീഷൻ പറഞ്ഞു. ഈ 8,000 കുറച്ച് വർദ്ധിപ്പിക്കണമെന്ന് ഞങ്ങളും പറഞ്ഞു; കാലഘട്ടത്തിനനുസരിച്ച്, വിലനിലവാരം അനുസരിച്ച് അത് വേണ്ടെന്നു പറഞ്ഞു കൂട്ടുനിന്നവരാണ് ഇന്ന് ഈ പ്രമേയം അവതരിപ്പിച്ചത്. പിന്നോക്കസമുദായത്തിലെ സമ്പന്നൻമാർക്ക് ഇത് കൊടുക്കണമെന്ന അഭിപ്രായം എന്റെ പാർട്ടിക്കില്ല. പിന്നോക്കസമുദായത്തിലെ സമ്പന്നൻമാർക്ക് കൊടുക്കരുതെന്നതുകൊണ്ടാണ് നെട്ടൂർ കമ്മീഷൻ റിപ്പോർട്ട് നടപ്പിൽ വരുത്തണമെന്ന് ഞങ്ങൾ പറഞ്ഞത്. പിന്നോക്കസമുദായത്തിലെയും മുന്നോക്കസമുദായത്തിലേയും സമ്പന്നൻമാർക്കുവേണ്ടിയാണ് ഈ പ്രമേയകർത്താവും അതിനു വാദിക്കുന്നവരും നടക്കുന്നത്. അല്ലാതെ പാവപ്പെട്ടവന് വേണ്ടിയിട്ടല്ല. ഈ രാജ്യത്തെ പാവപ്പെട്ടവനുവേണ്ടി ഒന്നും ചെയ്തിട്ടില്ല. ചില കച്ചവടങ്ങൾ നടക്കുന്നുണ്ട്. എൻ. എസ്. എസ്., എസ്. എൻ. ഡി. പി. അല്ലെങ്കിൽ പുതിയ പേരുണ്ട് എൻ. ഡി. പി. ഇതെല്ലാമുണ്ട്. ഇതെല്ലാം ചില കച്ചവടങ്ങൾ നടത്താൻ ജാതിയുടെ പേര് ഉപയോഗിക്കുന്നു എന്നുള്ളതല്ലാതെ ഈ രാജ്യത്ത് പട്ടിണി കിടക്കുന്ന നായർക്ക് വേണ്ടിയുള്ള പ്രസ്ഥാനമോ പട്ടിണികിടക്കുന്ന ഈഴവനു വേണ്ടിയുള്ള പ്രസ്ഥാനമോ അല്ല, ജാതിയുടെ പേര് പറഞ്ഞ് ജനങ്ങളെ തമ്മിലടിപ്പിച്ച് സ്വാർത്ഥം നേടാനുള്ള പ്രസ്ഥാനം മാത്രമാണ്. അതല്ലാതെ പാവപ്പെട്ട തൊഴിലാളിയായ നായരുടെ പ്രശ്നമല്ല. പാവപ്പെട്ട കർഷകനായ നായരുടെ പ്രശ്നമല്ല. പാവപ്പെട്ട അദ്ധ്വാനിക്കുന്ന നായരുടെ പ്രശ്നമല്ല. അതുകൊണ്ട് ഈ രാജ്യത്തെ ഈഴവനായാലും, നായരായാലും, പുലയനായാലും, പറയനായാലും ആരായാലും ശരി തൊഴിലാളി എന്ന നിലയിൽ, കർഷകൻ എന്ന നിലയിൽ അവൻ സംഘടിച്ചു പൊരുതി ഈ ജൻമി–മുതലാളിത്ത വ്യവസ്ഥ അവസാനിപ്പിച്ചാൽ മാത്രമേ അവനു മോചനമുള്ളു. ആ മോചനത്തിനു വേണ്ടിയുള്ള പോരാട്ടമാണ് സോഷ്യലിസമെന്ന് പറയുന്നത്. അതല്ലാതെ സോഷ്യലിസം ഇതാണോ അങ്ങാടിയാണോ എന്നറിയാതെ കാറൽ മാർക്സിന്റെ പേര് കൊണ്ടുവന്നിട്ട് കാര്യമില്ല. ഈ രാജ്യത്ത് സാമൂഹ്യമായും, സാമ്പത്തികമായും നൂറ്റാണ്ടുകാലമായി പിന്നോക്കം കിടക്കുന്ന ജനവിഭാഗങ്ങളെ മുന്നോക്കം കൊണ്ടുവരുന്നതിന് ചില ശ്രമങ്ങൾ നടത്തുമ്പോൾ മറ്റു ചിലർക്ക് ചില ബുദ്ധിമുട്ടുകൾ ഉണ്ടായാൽ അത് സഹിക്കുകയേ നിർവ്വാഹമുള്ളു. പക്ഷേ, പിന്നോക്കത്തിലെ മുന്നോക്കക്കാരെന്ന് പറയുന്ന സമ്പന്നൻമാരെ ഇതിൽനിന്നും ഒഴിവാക്കണം. അതിനുവേണ്ടിയുള്ള കാര്യങ്ങൾ വിശദമായി ആലോചിക്കേണ്ടതാണ്. അതുകൊണ്ട് ഈ പ്രമേയം പാസ്സാക്കിക്കൂടെന്നാണ് എനിക്ക് പറയാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, എന്റെ സ്നേഹിതൻ ശ്രീ. വട്ടിയൂർക്കാവ് രവി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ പ്രമേയം അനവസരത്തിലുള്ളതും ഗവൺമെന്റിന് ഒരു കാരണവശാലും സ്വീകരിക്കാനാവാത്തതുമാണ്. പ്രമേയത്തിൽ പറഞ്ഞിരിക്കുന്ന പ്രശ്നം നിയമസഭയ്ക്കകത്തും പുറത്തും പലതവണ ചർച്ചചെയ്യപ്പെട്ടിട്ടുള്ളതാണ്;

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോഴും ചർച്ചചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നതുമാണ്. ഈ കാര്യത്തിൽ ഗവൺമെൻറിൻെറ നയം വളരെ വ്യക്തവുമാണ്. ജാതിയുടെ അടിസ്ഥാനത്തിലുള്ള സംവരണം തുടരണമെന്നുള്ളതുതന്നെയാണ് ഗവൺമെൻറിൻെറ നയം. അതുകൊണ്ട് ഈ പ്രമേയം അംഗീകരിക്കാൻ സാധ്യമല്ലെന്നകാര്യം വളരെവളരെ വ്യക്തമാണ്. അക്കാരണത്താൽ വിശദമായ മറ്റുകാര്യങ്ങളെക്കുറിച്ചൊന്നും ഞാൻ പറയാനാഗ്രഹിക്കുന്നില്ല. ചരിത്രപരമായ പല കാരണങ്ങളാലും ഇവിടത്തെ പിന്നോക്കസമുദായങ്ങൾക്ക് പിന്നോക്കസമുദായങ്ങൾ എന്ന നിലയ്ക്കുതന്നെ പരിഗണന ആവശ്യമാണ്. ആ പരിഗണനയുടെ അടിസ്ഥാനത്തിൽ സാങ്കേതിക വിദ്യാലയങ്ങളിലേയ്ക്കുള്ള പ്രവേശനത്തിലും ഉദ്യോഗനിയമനങ്ങളിലും സംവരണം ഏർപ്പെടുത്തുകയുണ്ടായി. അതിന് വളരെ വലിയ ചരിത്രമുണ്ട്; പ്രക്ഷോഭണങ്ങളുടെ ചരിത്രം. നമുക്കെല്ലാവർക്കുമറിയാവുന്നതുപോലെ ഈ പ്രശ്നം ഇൻഡ്യയിലാകമാനം വളരെ രൂക്ഷമായ ഒരു പ്രശ്നമായിത്തീർന്നിട്ടുണ്ട്. ബീഹാർ, ഉത്തര പ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിലും സമീപകാലത്ത് പിന്നോക്ക സമുദായങ്ങൾക്ക് സംവരണം ഏർപ്പെടുത്തുകയുണ്ടായി. കേരളത്തിൽ സംവരണം ഏർപ്പെടുത്തി എത്രയോ വർഷങ്ങൾക്കുശേഷമാണ് ഇൻഡ്യയിലെ മറ്റുചില സംസ്ഥാനങ്ങളിൽ ഏർപ്പെടുത്തിയതെങ്കിലും അതാവശ്യമാണെന്നും അങ്ങനെമാത്രമേ നമ്മുടെ സമൂഹത്തിൽ ഇന്നു നിലനിൽക്കുന്ന ഉച്ചനീചത്വങ്ങളവസാനിപ്പിക്കാൻ സാധിക്കുകയുള്ളു എന്നുള്ളതുകൊണ്ടുമാണ് അങ്ങനെ ചെയ്തത്. ഇതൊക്കെ ശാശ്വതമായി നിലനിൽക്കണമെന്നൊന്നും ആരും പറഞ്ഞിട്ടില്ല. ഇതിൻെറ ഉദ്ദേശം ഇപ്പോഴം നിലനിൽക്കുന്ന അന്തരം അവസാനിപ്പിക്കണമെന്നുള്ളതാണ്; വളരെ പുറകിൽ കിടക്കുന്ന സമൂഹത്തെയും സമുദായത്തെയും മുന്നോട്ടുവരാൻ ബോധപൂർവ്വം സഹായിക്കണമെന്നുള്ളതാണ്. ശ്രീ. എം. വി. രാഘവൻ പറഞ്ഞതുപോലെ കുറച്ചൊക്കെ മുന്നോക്കമാണെന്നു കരുതുന്നവരും പല കാര്യങ്ങളിലും പിന്നോക്കമാണ്. ഈ നാട്ടിൽ സാമൂഹ്യവും സാമ്പത്തികവുമായ ഒരു വിപ്ലവംതന്നെ നടത്താതെ, വമ്പിച്ച ഒരു പരിവർത്തനം ഉണ്ടാകാതെ, ഇന്നു നിലനിൽക്കുന്ന പലതിനെയും തട്ടിമാറ്റി മുന്നോട്ടുപോകാതെ, മുന്നോക്കമെന്നോ പിന്നോക്കമെന്നോ വ്യാഖ്യാനിക്കപ്പെടുന്ന ജനങ്ങൾക്കെല്ലാം തൊഴിൽ, ആഹാരം, ജീവിതസൗകര്യങ്ങൾ എന്നിവ സാധ്യമാകുകയില്ല. അതുകൊണ്ട് അതിനുവേണ്ടിയുള്ളതായിരിക്കണം നമ്മുടെ കാഴ്ചപ്പാട്. എല്ലാവർക്കും ഭക്ഷണവും, എല്ലാവർക്കും തൊഴിലും, എല്ലാവർക്കും ജീവിത സൗകര്യങ്ങളും ഉണ്ടാക്കിക്കൊടുക്കണമെന്ന ലക്ഷ്യത്തിലേക്ക് നീങ്ങുന്ന ഈ ഘട്ടത്തിൽ പ്രായോഗികമായി സ്വീകരിക്കേണ്ട ഒരു നയമാണിത്. സർ, ശ്രീമാൻ വട്ടിയൂർക്കാവ് രവി സോഷ്യലിസത്തെപ്പറ്റിയൊക്കെ പറഞ്ഞു. ദയവുചെയ്ത് സോഷ്യലിസത്തെ ഈ പ്രശ്നവുമായി കൂട്ടിക്കുഴയ്ക്കരുത്. എന്നാൽ വലിയ ആശയക്കുഴപ്പമുണ്ടാകും. സോഷ്യലിസവും ഇതും തമ്മിൽ 'കടലും കടലാടിയും' പോലെയുള്ള ബന്ധമേയുള്ളു. നൂറ്റാണ്ടുകളായി പിന്നോക്കം നിന്നുപോയ ജനവിഭാഗത്തിനു ചെയ്തുകൊടുക്കേണ്ട ഒരു നീതിയുടെ പ്രശ്നമാണിത്. അതുകൊണ്ട് നാം ഇവിടെ ഉറച്ചുനിൽക്കണം. ഇതിൽ വെള്ളം ചേർക്കുന്ന പ്രശ്നമില്ല. പിന്നെ, നമുക്കൊരു കാര്യം ചെയ്യാം. ഇത്തരം സംവരണത്തിൻെറ ഫലമായി പിന്നോക്കം നിൽക്കുന്ന സമുദായങ്ങൾക്കെന്തുനേട്ടമുണ്ടായിട്ടുണ്ട് എന്നുള്ളത് നാം പരിശോധിച്ചുകൊണ്ടിരിക്കണം. ഇവിടെ ചില സുഹൃത്തുക്കൾ പറഞ്ഞ വസ്തുതകൾ പിന്നെയും അവശേഷിക്കുന്നു. ഇവരുടെ ജാതിതിരിച്ചുള്ള ലിസ്റ്റോ, സമഗ്രമായ കണക്കോ ഒന്നും എടുത്തിട്ടില്ല. അതെടുക്കേണ്ടതാവശ്യമാണ്. ഇപ്പോൾ വരാനിരിക്കുന്ന സെൻസസ് കമ്മീഷനോട് ഇത്തരം ചില വസ്തുതകൾകൂടി ശേഖരിക്കണമെന്നു കേരള ഗവൺമെൻറ് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സെൻസസ് കമ്മീഷണർ അതിനെന്തോ ചില ബുദ്ധിമുട്ടുകളൊക്കെപ്പറഞ്ഞു. ജാതിതിരിച്ചും മറ്റുമുള്ള കണക്കുകളൊന്നും എടുക്കാനുദ്ദേശിക്കുന്നില്ലെന്നുള്ള മട്ടിലാണ് അവരിപ്പോഴും മുന്നോട്ടുപോകുന്നത്. ഞാൻ വീണ്ടും ഇക്കാര്യത്തെക്കുറിച്ച് പ്രധാനമന്ത്രിക്കെഴുതിയിട്ടുണ്ട്. എന്തെന്നാൽ നമ്മൾ എവിടെ നിൽക്കുന്നു, വിവിധജനവിഭാഗങ്ങൾ എവിടെ നിൽക്കുന്നു എന്നത് മനസ്സിലാക്കാൻ ഈ കണക്ക് വളരെ ഉപകരിക്കും. അതിന്റെ അടിസ്ഥാനത്തിൽ നമുക്ക് പിന്നീട് ചില തീരുമാനങ്ങളെടുക്കാൻ കഴിയും. നെട്ടൂർ കമ്മീഷന്റെ കാര്യം ഒരു ചർച്ചാവിഷയമായ കാര്യം നമുക്കെപ്പോഴുമറിയാമല്ലോ. ഇതിനിടെ അതൊരു തർക്കവിഷയംപോലുമായിപ്പോയി. നെട്ടൂർ കമ്മീഷനുപകരം മറ്റൊരു കമ്മീഷനെ നിയമിക്കാനുള്ള തീരുമാനംതന്നെ തെറ്റായിപ്പോയി എന്നുപോലും ചില മെമ്പർമാർ പറഞ്ഞു. നെട്ടൂർ കമ്മീഷൻ നിർദ്ദേശിച്ച പല നല്ലകാര്യങ്ങളും നാം നടപ്പാക്കിയിട്ടുണ്ട്. ആകെക്കൂടി സംവരണംകൊണ്ടുണ്ടായ നേട്ടങ്ങളെന്തൊക്കെയാണ് എന്നതിനെക്കുറിച്ചു പഠിക്കാനും, ആവശ്യമായ നിർദ്ദേശം സമർപ്പിക്കാനും പുതിയ ഒരു കമ്മീഷനെ നിയമിക്കണമെന്നു ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അതു കുറച്ചുവൈകിപ്പോയി എന്നറിയാം. എങ്കിലും കഴിയും വേഗത്തിൽതന്നെ നിയമിക്കുന്നതാണ്. അങ്ങനെ കാലാകാലങ്ങളിൽ കമ്മീഷനുകളെയോ കമ്മിറ്റികളെയോ വച്ച് ഇതു പരിശോധിക്കുകയും ആ പരിശോധനയിൽനിന്നു ലഭിക്കുന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ പുനരാലോചന നടത്തുകയും ചെയ്യാം എന്നുള്ളതല്ലാതെ ഇന്നു ഗവൺമെന്റംഗീകരിച്ചിട്ടുള്ള ഈ നയത്തിന് അൽപമെങ്കിലും മാറ്റംവരുത്തുന്ന പ്രശ്നമേ ഉദിക്കുന്നില്ല. ഈ പ്രമേയം അംഗീകരിക്കാൻ സാധ്യമല്ല; ഈ പശ്ചാത്തലത്തിൽ പ്രമേയം പ്രസ്സ് ചെയ്യരുതെന്നഭ്യർത്ഥിക്കുന്നു.

The amendment moved by Sri R. Sundaresan Nair was put and lost.

The amendment moved by Sri S. Thankappan Pillai was, by leave, withdrawn.

ശ്രീ. വട്ടിയൂർക്കാവ് രവി: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ഞാൻ പ്രമേയം പ്രസ്സ് ചെയ്യുന്നില്ല.

Chairman: The resolution is by leave withdrawn.

ശ്രീ. ആർ. സുന്ദരേശൻ നായർ: സർ, പ്രമേയം പിൻവലിക്കാൻ പാടില്ല.

ശ്രീ. വി. ജെ. ജോസഫ്: സർ, പ്രമേയം പിൻവലിക്കാൻ പാടില്ലെന്നഭിപ്രായമുള്ളവരുണ്ട്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. A member has objected to the withdrawal of the resolution, but the chair has to ascertain the sense of the House. You have to put the question to vote and obtain the sense of the House before taking the decision.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: ഓർഡർ, ഓർഡർ, പ്രമേയാവതാരകൻ പ്രമേയം പിൻവലിച്ചിരിക്കുന്ന സ്ഥിതിക്ക് സഭയുടെ അനുമതിയോടുകൂടിത്തന്നെയാണ് പിൻവലിക്കപ്പെട്ടിരിക്കുന്നത്. പിൻവലിക്കുന്ന കാര്യത്തെ ആരും ഒബ്ജക്ട് ചെയ്തില്ല.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: സർ, സഭയുടെ അനുമതിയോടുകൂടി വേണം പിൻവലിക്കേണ്ടത്.

(ബഹളം)

മി. ചെയർമാൻ: ഓർഡർ, ഓർഡർ, റസല്യൂഷൻ പ്രസ്സ് ചെയ്യുന്നോ എന്നുചോദിച്ചു, പ്രസ്സ് ചെയ്യുന്നില്ല എന്നുപറഞ്ഞു. സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു. ഇനി രണ്ടാമത്തെ പ്രമേയത്തിലേക്കു കടക്കാം.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ചെയറിൽ നിന്ന് ഇങ്ങനെ ഏകപക്ഷീയമായ തീരുമാനമെടുക്കുന്നതു ശരിയല്ല. അതു നടപടിക്രമങ്ങൾക്കെതിരാണ്. പിൻവലിക്കുന്നതിനെ ഒരു മെംബർ ഒബ്ജക്ടുചെയ്തുകഴിഞ്ഞാൽ ചെയർ സഭയുടെ സെൻസ് അറിയണം.

(ബഹളം)

മി. ചെയർമാൻ: പിൻവലിക്കുന്നതിനെ ആരും ഒബ്ജക്ടുചെയ്തിട്ടില്ല.

ശ്രീ. ആർ. സുന്ദരേശൻ നായർ: പിൻവലിക്കരുതെന്നു ഞാൻ പറഞ്ഞു.

മി. ചെയർമാൻ: പ്രമേയവതാരകനോട് പ്രമേയം പ്രസ്സ് ചെയ്യുന്നോ എന്നുചോദിച്ചു; പ്രസ്സ് ചെയ്യുന്നില്ല എന്നുപറഞ്ഞു. സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. ആർ. സുന്ദരേശൻ നായർ: സഭയിൽ അവതരിപ്പിച്ചുകഴിഞ്ഞ പ്രമേയം പ്രസ്സ് ചെയ്യാതിരിക്കാം. പക്ഷേ പിൻവലിക്കാൻ പറ്റുകയില്ല. സഭയുടെ സെൻസ് നോക്കിയിട്ടേ പിൻവലിക്കാവൂ.

(ബഹളം)

മി. ചെയർമാൻ: പ്രമേയം സഭയുടെ അനുമതിയോടുകൂടി പിൻവലിക്കുന്നു എന്നുപറഞ്ഞതിനുശേഷം പിൻവലിക്കരുത് എന്നു പറയുന്നതിൽ അർത്ഥമില്ല.

ശ്രീ. വി. ജെ. ജോസഫ്: പിൻവലിക്കുന്നതിൽ ഒബ്ജക്ഷൻ ഉണ്ടെന്നാണദ്ദേഹം പറഞ്ഞത്.

റവന്യൂവും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. ബേബിജോൺ): സർ, പിൻവലിക്കരുത് എന്നുപറയുന്നതും പിൻവലിക്കുന്ന നിർദ്ദേശത്തെ എതിർക്കുന്നു എന്നുപറയുന്നതും രണ്ടാണ്. എതിർക്കുന്നു എന്നു ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞിട്ടില്ല.

(ബഹളം)

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: ഓർഡർ, ഓർഡർ, പിൻവലിക്കുന്നു എന്ന് നിർദ്ദേശത്തെ ആരും ഒബ്ജക്ടുചെയ്തിട്ടില്ല. അതെസംബന്ധിച്ച വ്യക്തമായ റൂളിംഗ് ഞാൻ നൽകിക്കഴിഞ്ഞു. ഇനി രണ്ടാമത്തെ പ്രമേയത്തിലേക്ക് പ്രവേശിക്കുകയാണ്.

ശ്രീ. വി. ജെ. ജോസഫ്: സർ, പോയിന്റ് ഓഫ് ഓർഡർ. സർ, ഈ സഭയിൽ ഒരു പ്രമേയം അവതരിപ്പിച്ചിരിക്കുകയും ആ പ്രമേയം പ്രസ്സ് ചെയ്യുന്നില്ല എന്നു അവതാരകൻ പറഞ്ഞ ഉടനെതന്നെ പ്രമേയം പിൻവലിക്കരുത് എന്ന് ബഹുമാനപ്പെട്ട സുന്ദരേശൻ നായർ ചെയറിനോട് ആവശ്യപ്പെടുകയും ചെയ്തതിനുശേഷം സഭയുടെ സെൻസ് അറിയാതെ മുന്നോട്ടു പോകുന്നതു ഓർഡറിലാണോ ? അല്ല അദ്ദേഹം പിന്നെ അവതരകനോടാണോ ആവശ്യപ്പെടേണ്ടത്, ചെയറിനോടാണ് ആവശ്യപ്പെടേണ്ടത്. ചെയറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സഭയുടെ സെൻസ് അറിഞ്ഞിട്ടുവേണം ഈ പ്രമേയം പിൻവലിക്കുകയോ പിൻവലിക്കാതെയിരിക്കുകയോ ചെയ്യേണ്ടത്.

ചെയർമാൻ: പ്രമേയത്തെ സംബന്ധിച്ചിടത്തോളം പ്രമേയാവതാരകനോടു പ്രമേയം പ്രസ്സ് ചെയ്യുന്നോ എന്നു ചോദിച്ചു. അദ്ദേഹം പ്രസ്സ് ചെയ്യുന്നില്ല എന്നു പറഞ്ഞു. സഭയുടെ അനുമതിയോടെ പ്രമേയംപിൻവലിച്ചിരിക്കുന്നു എന്നു ഞാൻ പറഞ്ഞതിനുശേഷം പ്രമേയം പിൻവലിക്കരുത് എന്ന്.....

ശ്രീ. ആർ. സുന്ദരേശൻ നായർ: ചെയറിൽനിന്നു പറയുന്നതിനു മുമ്പ് ഞാൻ പറഞ്ഞു. ഇതു റിക്കാർഡു ചെയ്തിട്ടുള്ളതാണ്. ചെയറിൽ നിന്നു വിത്ത്ഡ്രാ ചെയ്തിരിക്കുന്നു എന്നു പറയുന്നതിനുമുമ്പേ ഞാൻ വിത്ത്ഡ്രാ ചെയ്യരുതെന്നു പറഞ്ഞു റിക്കാർഡു ചെയ്തിട്ടുള്ള കാര്യമാണ്. റിക്കാർഡു ചെയ്തിട്ടുള്ള കാര്യം മാറ്റി പറയുന്നതു ശരിയല്ല.

ചെയർമാൻ: പിൻവലിക്കരുത് എന്നു പറഞ്ഞു. ഒബ്ജക്ടു ചെയ്യുന്നു എന്നുപറഞ്ഞിട്ടില്ല.

(സഭയിൽ ബഹളം)

ശ്രീ. കെ. സി. വാമദേവൻ: സർ, പോയിന്റ് ഓഫ് ഓർഡർ. With the leave of the House the resolution is withdrawn. എന്നു റൂം ചെയ്തതിനു ശേഷം.....

(സഭയിൽ ബഹളം)

ചെയർമാൻ: ഇവിടെ ഈ ഒന്നാമത്തെ പ്രമേയത്തെ സംബന്ധിച്ചിടത്തോളം വളരെ വ്യക്തമായ നടപടിക്രമമനുസരിച്ചാണ് കൊണ്ടുപോയത്. പ്രമേയത്തിന്റെ ചർച്ചയുടെ അവസാനത്തിൽ പ്രമേയാവതാരകനോട് പ്രമേയം പ്രസ്സ് ചെയ്യുന്നുവോ എന്നു ചോദിച്ചു. അദ്ദേഹം പ്രസ്സ് ചെയ്യുന്നില്ലെന്നു പറഞ്ഞു. സഭയുടെ അനുമതിയോടുകൂടി പ്രമേയം പിൻവലിച്ചിരിക്കുന്നു എന്നു ഞാൻ പറഞ്ഞതിനുശേഷം പ്രമേയം പിൻവലിക്കരുതെന്ന് ശ്രീ. ആർ. സുന്ദരേശൻ നായർ പറഞ്ഞു. പ്രമേയം പിൻവലിക്കുന്നതിനെ ഒബ്ജക്ടു ചെയ്യാത്തിടത്തോളം കാലം അത് സഭാനടപടികൾക്കനുസൃതമായിത്തന്നെയാണ് ചെയ്തിരിക്കുന്നത്,

LIBRARY ARCHIVES Kerala Legislative Assembly

ഇതുസംബന്ധിച്ചിടത്തോളം വളരെ വ്യക്തമായ റൂളിംഗ് നൽകി. രണ്ടാമത്തെ പ്രമേയത്തിലേക്കു കടക്കുകയാണ്. മി. ജോസഫിന് പ്രമേയം അവതരിപ്പിക്കാം.

ശ്രീ. ആർ. സുന്ദരേശൻ നായർ: ചെയറിന്റെ നടപടി ശരിയല്ല.

(സഭയിൽ ബഹളം)

ചെയർമാൻ: ദയവായി എല്ലാവരും ഇരിക്കണം. ബഹുമാനപ്പെട്ട ശ്രീ. സുന്ദരേശൻ നായരും, ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടിയും ഒക്കെ പറഞ്ഞ കാര്യങ്ങളെക്കുറിച്ച് വ്യക്തമായ റൂളിംഗ് നൽകിക്കഴിഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ രണ്ടാമത്തെ പ്രമേയത്തിലേക്കു കടക്കുന്നു. രണ്ടാമത്തെ പ്രമേയം മി. ജോസഫിനു മൂവു ചെയ്യാം.

(സഭയിൽ ബഹളം)

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: With the leave of the House withdrawn എന്നു പറയുന്ന സമയത്തുതന്നെയാണ് ഒബ്ജക്ടു ചെയ്തത്. ചെയറിൽ ഇരിക്കുന്ന അങ്ങ് ഭരണകക്ഷി അംഗം ആണെന്നുള്ള കാര്യം വിസ്മരിക്കണം.

മി. ചെയർമാൻ: ഞാൻ അതു സംബന്ധിച്ച് വളരെ വ്യക്തമായ റൂളിംഗ് നൽകിക്കഴിഞ്ഞു. ബഹുമാനപ്പെട്ട അംഗം അതു കേട്ടു എന്നാണ് മനസ്സിലാക്കുന്നത്. അതുകൊണ്ടു രണ്ടാമത്തെ പ്രമേയം അവതരിപ്പിക്കാൻ മി. ജോസഫിനെ ക്ഷണിക്കുകയാണ്.

(സഭയിൽ ബഹളം)

ശ്രീ. ആർ. സുന്ദരേശൻ നായർ: സർ, കീഴ്വഴക്കത്തിനു വിരുദ്ധമായ കാര്യങ്ങളാണ് ചെയ്യുന്നതു ശരിയല്ല. ഈ പ്രമേയം പിൻവലിക്കാൻ അനുവദിക്കരുത് എന്ന്. ചെയറിൽനിന്നു പിൻവലിച്ചിരിക്കുന്നു എന്നു പറയുന്നതിനു മുമ്പേ ഞാൻ പറഞ്ഞുകഴിഞ്ഞു.

മി. ചെയർമാൻ: ബഹുമാനപ്പെട്ട സുന്ദരേശൻ നായർ ഒബ്ജക്ടു ചെയ്തു എന്നു പറഞ്ഞിട്ടില്ല.

ശ്രീ. ആർ. സുന്ദരേശൻ നായർ: പിൻവലിക്കാൻ അനുവദിക്കരുത് എന്നു വളരെ വ്യക്തമായി പറഞ്ഞു സർ.

(സഭയിൽ ബഹളം)

മി. ചെയർമാൻ: ശ്രീ. ജോസഫിന് രണ്ടാമത്തെ പ്രമേയം അവതരിപ്പിക്കാം.

ശ്രീ. പി. സി. ജോസഫ്: സർ, ഞാൻ എന്റെ പ്രമേയം അവതരിപ്പിക്കാൻ തയ്യാറാണ്. പക്ഷേ മറ്റൊരാൾ ഇങ്ങനെ സംസാരിച്ചുകൊണ്ടു നിൽക്കുമ്പോൾ അതെങ്ങനെയാണ് ചെയ്യുക ?

ശ്രീ. ആർ. സുന്ദരേശൻ നായർ: പ്രമേയം പിൻവലിക്കാൻ സഭ അനുവദിച്ചിട്ടില്ല. സഭയുടെ അനുവാദം കൂടാതെ പ്രമേയം പിൻവലിക്കുന്നതു ശരിയല്ല. ബഹുമാനപ്പെട്ട ചെയർ ഏകപക്ഷീയവും പക്ഷപാതപരവുമായ തീരുമാനം എടുക്കുന്നതു ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: ഞാൻ വളരെ കൃത്യമായി പരിശോധിച്ചതിനുശേഷമാണ് പറഞ്ഞത്. ശ്രീ. സുന്ദരേശൻ നായർ അങ്ങനെ പറയുന്നത് ശരിയല്ല. ബഹുമാനപ്പെട്ട സുന്ദരേശൻ നായർ ഇരിക്കണം. ഞാൻ അതു സംബന്ധിച്ച് വ്യക്തമായ റൂളിംഗ് നൽകിക്കഴിഞ്ഞു. ചെയറിൽനിന്നുള്ള റൂളിംഗ് അനുസരിക്കണം.

(Mr. Deputy Speaker in the Chair)

(b) ക്ഷീരവ്യവസായ വികസനം

ശ്രീ. പി. സി. ജോസഫ്: സർ, ഞാൻ എന്റെ പ്രമേയം അവതരിപ്പിക്കുന്നു.

"ഉൽപാദിപ്പിക്കുന്ന പാൽ വിറ്റഴിക്കുവാനുള്ള ബുദ്ധിമുട്ടുകളും മൂലം കേരളത്തിലെ പാലുൽപാദകരും, പാൽവിതരണ സഹകരണസംഘങ്ങളും നേരിടുന്ന പ്രശ്നങ്ങൾക്കു പരിഹാരമുണ്ടാക്കുവാൻ വേണ്ടി കേരളത്തിൽ ഒരു പാൽപ്പൊടിനിർമ്മാണഫാക്ടറി ആരംഭിക്കുവാൻ ആവശ്യമായ നടപടികളും സ്വീകരിക്കണമെന്ന് ഈ സഭ ഗവൺമെൻറിനോട് അഭ്യർത്ഥിക്കുന്നു."

സർ, നമ്മുടെ സംസ്ഥാനത്തെ പാലുൽപാദകരും, പാലുൽപാദകരുടെ ആഭിമുഖ്യത്തിലുള്ള ക്ഷീരോൽപാദക സഹകരണസംഘങ്ങളും ഇന്നനുഭവിക്കുന്ന ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും ആ രംഗവുമായി ബന്ധപ്പെട്ടിട്ടുള്ള എല്ലാവർക്കും.....

മി. ഡെപ്യൂട്ടി സ്പീക്കർ: മി. ജോസഫ് ഒന്നു നിറുത്തണം. സമയം ഇപ്പോൾ പന്ത്രണ്ടു മണിയായി. അര മണിക്കൂർ കൂടിയേ ഉള്ളൂ സഭാനടപടികൾ അവസാനിക്കാൻ. രണ്ടാമത്തെ പ്രമേയത്തിലേക്കു കടന്നിട്ടേയുള്ളു. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ സഹകരിക്കുമെങ്കിൽ അൽപസമയം കൂടി ഇരിക്കാം.

ശ്രീ. ടി. എ. മജീദ്: വെള്ളിയാഴ്ചയായതുകൊണ്ട് പന്ത്രണ്ടരമണിക്കു പിരിയണം.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സമയം നീട്ടിയാൽ പ്രാർത്ഥനക്കു താമസം വരും.

മി. ഡെപ്യൂട്ടി സ്പീക്കർ: എങ്കിൽ ചുരുക്കി സംസാരിക്കുക.

ശ്രീ. പി. സി. ജോസഫ്: നമ്മുടെ രാജ്യത്തെ പ്രധാനപ്പെട്ട പല വിപ്ലവപരിപാടിയേക്കാളും അപ്രധാനമല്ലാത്ത പ്രാധാന്യം ഈ ധവളവിപ്ലവ പരിപാടിക്കുണ്ടെന്നു നമുക്കെല്ലാവർക്കും അറിയാം. ഭാരതരാജ്യം കാലിസമ്പത്തിന്റെ കാര്യത്തിൽ എണ്ണത്തിൽ ധന്യമാണെങ്കിലും ഗുണത്തിൽ ധന്യമാണെന്നു പറയാൻ നിവൃത്തിയില്ല. കൃത്രിമ ബീജസങ്കലനപരിപാടി വിജയകരമായി നീങ്ങുന്ന സന്ദർഭത്തിൽ നമ്മുടെ ഗ്രാമീണ കർഷകരെ സംബന്ധിച്ചിടത്തോളം പാലുൽപാദനരംഗത്ത് വിജയകരമായ നേട്ടം കൈവരിച്ചു എന്ന് എല്ലാവർക്കുമറിയാം. എസ്. എഫ്. ഡി. എ. പോലെയുള്ള സംവിധാനങ്ങളിൽനിന്നും, ദേശവൽകൃതബാങ്കുകളുടെ സഹായത്തോടുകൂടിയും എല്ലാം ഗ്രാമീണ കർഷകർ വളരെ ഉൽപാദനശേഷിയുള്ള പശുക്കളേയും മറ്റും

LIBRARY ARCHIVES Kerala Legislative Assembly